ഒക്ടോ.10 മാനസികാരോഗ്യദിനം

1 ഒക്ടോബർ 2019
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില : ₹ 17.00

# യുറീക്ക






# കൂടെയുണ്ടാവും മൈന

എസ് രാജരാജൻ

ചിത്രീകരണം: രഘുനാഥ് കൊഴക്കല്ലൂർ





നിലത്തിറങ്ങിയാൽ പിന്നെ
എപ്പൊഴും പ്രസരിപ്പോടെ
കുലുങ്ങിക്കുലുങ്ങി
നടന്നുവരുന്ന
ചന്തക്കാരാണ്
മൈനകൾ.

മനുഷ്യരുള്ളിടത്തെല്ലാം,
നഗരത്തിലും നാട്ടിൻപുറത്തും എന്ന
വ്യത്യാസമൊന്നുമില്ലാതെ മൈനയുണ്ടാവും.
ഇണക്കമുള്ള പ്രകൃതവും മിക്കവാറും എന്തും
തിന്നുന്ന ശീലവും മൈനയെ മനുഷ്യരുമായി
കൂടുതൽ അടുപ്പിക്കുന്നു.

പറക്കാൻ തുടങ്ങുമ്പോൾ
മൈന ഒരു ഒച്ചയുണ്ടാക്കും.
അപ്പോൾ അതിന്റെ ചിറക്
ശ്രദ്ധിച്ചിട്ടുണ്ടോ? ചിറകുകളിൽ
വെളുത്ത വലിയ അടയാളം
കാണാം.





ഏതാണ്ട് 23 സെ. മീറ്ററോളം
വലിപ്പമാണ് മൈനകൾക്ക്.
ഇരുണ്ട തവിട്ടു നിറമാണ്.
തലയ്ക്ക് നിറം കറുപ്പ്.
കാലുകൾക്ക് മഞ്ഞ.
ഇംഗ്ലീഷിൽ Common Myna
എന്നാണ് പേര്.

ചിത്രങ്ങൾക്ക് കടപ്പാട്: nusavifauna.wordpress.com, thehills.snw.gov.au, cleanpng.com

2019
ഒക്ടോബർ 1
വാല്യം: 41
ലക്കം: 9

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/EurekaFortnightly

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

അറിവ് ആഘോഷമാക്കിയ അമ്പത് വർഷങ്ങൾ

കത്തുകളും രചനകളും അയയ്ക്കേണ്ട വിലാസം:
എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

## ലേഖനങ്ങൾ

6. മൂപ്പര്ക്കേ ഒരു ലെവലും ല്ല ട്ടോ.. : ഡോ.മിഥുൻ സിദ്ധാർത്ഥൻ

14. കമലിയോൺ : പി കെ സുധി

20. വാളൻപുളി : കെ യതീന്ദ്രനാഥൻ

## മത്സരം

18. തുന്നിയെടുക്കാനൊരു വെല്ലുവിളി : രാധാകൃഷ്ണൻ ആലുവീട്ടിൽ

## ഓർമ – യുറീക്ക @ 50

36. മങ്കിസ്കോപ്പ് : സി ജി ശാന്തകുമാർ

## നോവൽ

28. അമ്മമണമുള്ള കനിവുകൾ : ഇ എൻ ഷീജ

## കഥ

10. ക്രിസ്റ്റി : അനൂപ് അന്നൂർ

31. വട്ട് പത്തിരി : ഭാരതി കെ കെ

39. തിരിച്ചറിവ് : രാജേഷ് എസ് വള്ളിക്കോട്

## കവിത

9. പരിസ്ഥിതി : ശിവപ്രസാദ് പാലോട്

17. കാഴ്ച : സിന്ധു എൻ പി






## പംക്തികൾ


2. അറിയാം പഠിക്കാം
22. കാഴ്ചപ്പുറം
24. ഞാറ്റടി
32. പീക്കിരി.ഇൻ
40. യു–മെയിൽ
42. മണിമുത്തുകൾ


## കവർ

വിമൽ ചന്ദ്രൻ


വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട്–673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.

**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ്
(എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു,
ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ,
ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി,
പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ,
എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി



ഗാന്ധിജിയുടെ ഫോട്ടോയിലേക്ക് സൂക്ഷിച്ചുനോക്കിയിട്ടുണ്ടോ നിങ്ങൾ? പല്ലില്ലാത്ത ആ മോണ കാട്ടിയുള്ള ചിരി കാണാൻ എന്തു ഭംഗിയാണ് അല്ലേ! സ്നേഹം നിറഞ്ഞു നിൽക്കുന്ന കണ്ണുകൾ.


ആയുധങ്ങളെടുക്കാതെ, ജനകോടികളെ സമരരംഗത്ത് അണിനിരത്തിയാണ്, സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തെ ഇന്ത്യയിൽ നിന്ന് കെട്ടുകെട്ടിച്ചത് എന്നത് അവിശ്വസനീയമായി തോന്നുന്നുണ്ടോ? എങ്ങനെയാണ് ഇന്ത്യയിലെ കോടിക്കണക്കിന് ജനങ്ങളെ സമരരംഗത്ത് അണിനിരത്താൻ കഴിഞ്ഞത്? എങ്ങനെയാണ് അവരുടെ പ്രിയപ്പെട്ട ബാപ്പുജിയായി മാറാൻ അദ്ദേഹത്തിന് കഴിഞ്ഞത്? ഗാന്ധിയെക്കുറിച്ചുള്ള ഏതെങ്കിലും പുസ്തകം നിങ്ങൾ വായിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ കണ്ടെത്തി വായിക്കണം. കൂട്ടുകാരോടൊപ്പം ചർച്ചചെയ്യണം. കൂടുതലറിയണം. അറിയുന്തോറും നമ്മെ അത്ഭുതപ്പെടുത്തുന്നതാണ് അദ്ദേഹത്തിന്റെ ജീവിതം.

ഇത് നോക്കൂ, ഗാന്ധിയെ ചില ചിത്രകാരന്മാർ എത്ര ലളിതമായാണ് വരച്ചതെന്ന് കാണൂ. ഏതാനും ചില വരകൾ കൊണ്ട്

# ഗാന്ധിജയന്തി

നമുക്ക് അദ്ദേഹത്തെ വരച്ചെടുക്കാം. നിങ്ങളും വരച്ചുനോക്കൂ... ഗാന്ധിയെ കടലാസ്സിലേക്ക് പകർത്താൻ എളുപ്പമാണ്. പക്ഷേ, അദ്ദേഹത്തെ നമ്മുടെ ജീവിതത്തിലേക്ക് പകർത്തണമെങ്കിലോ? അത് ഒട്ടും എളുപ്പമല്ല.

ഗാന്ധി സ്വപ്നം കണ്ട ഭാരതത്തിന് രൂപം നൽകാൻ നമുക്ക് കഴിഞ്ഞുവോ? കഴിഞ്ഞി ല്ലെന്ന് മാത്രമല്ല, അദ്ദേഹം എന്താഗ്രഹിച്ചുവോ, അതിന് നേർ വിപരീതദിശയിലാണ് നാമിപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. വർഷങ്ങൾക്ക് മുമ്പ് എൻ വി കൃഷ്ണവാരിയർ ഒരു കവിത എഴുതുകയുണ്ടായി. കവിതയുടെ പേര് 'ഗാന്ധിയും ഗോഡ്സെയും'. അതിൽ അദ്ദേഹം വരച്ചുകാണിച്ച ഗാന്ധി അരി





ചിത്രങ്ങൾക്ക് കടപ്പാട്:
mkgandhi.org, saatchiart.com

വാങ്ങുവാൻ ക്യൂവിൽ കഷ്ടപ്പെട്ട് നിൽക്കുന്ന ഒരു പാവം വൃദ്ധനാണ്. ഗാന്ധി ഇങ്ങനെ ക്യൂവിൽ നിൽക്കുമ്പോൾ അതിനരികെക്കൂടി വലിയൊരു കാറിൽ കടന്നുപോവുകയാണ് ഗോഡ്സെ. അയാൾ അരി കരിഞ്ചന്തയിൽ മറിച്ചുവിൽക്കുന്ന മുതലാളിയാണ്. പിന്നെ, മന്ത്രിയായ ഗോഡ്സെ ഗാന്ധിയുടെ ചരമവാർഷിക ദിനത്തിൽ പരിവാര സമേതനായി ചെന്ന് ശവകുടീരത്തിൽ പുഷ്പചക്രമർപ്പിക്കുന്നു...!

ഈ ഗാന്ധിജയന്തി ദിനത്തിൽ, പെട്ടെന്ന് ഗാന്ധി നമ്മുടെ സ്കൂളിലേക്ക് കടന്നു വരുന്നു എന്ന് സങ്കൽപ്പിച്ചു നോക്കൂ. അദ്ദേഹം എന്തായിരിക്കും നമ്മോട് പറയുക. നമ്മളെന്താണ് അദ്ദേഹത്തോട് പറയുക. ഒന്നെഴുതി നോക്കൂ. കുറിപ്പ് യുറീക്കയ്ക്ക് അയയ്ക്കുകയും വേണേ..

**യുറീക്കാമാമൻ**

---

എൻ വിയുടെ കവിത പൂർണരൂപത്തിൽ
കേൾക്കാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ...



ഡോ. മിഥുൻ സിദ്ധാർത്ഥൻ

ചിത്രീകരണം: കെ.സതീഷ്

# മൂപ്പര്ക്കേ ഒരു ലെവലും ല്ല ട്ടോ..

"എന്താ, ചക്കീ ഇന്ന് നല്ല സന്തോഷമൂഡിലാണല്ലോ. ഇന്ന് വല്ല സമ്മാനോം കിട്ടിയോ സ്കൂളീന്ന്. അതോ എവിടെയെങ്കിലും ടൂറു പോവണ കാര്യം പറഞ്ഞോ മാഷ്."

"അതൊന്നുമല്ല അമ്മേ. ഇന്ന് നല്ല രസായിരുന്നു. ഉച്ചയ്ക്ക് ഗ്രൗണ്ടിലേ, ഒരാള് വന്നേ.. ഒരു വലിയ കെട്ട്.. അതില് നെറയെ കൊറേ സാധനങ്ങള്... കുറേ പഴേ.. കടലാസ്സുകള്. തനി വട്ട് കേസ്സ്. അയാള് എന്നിട്ട് ആ കടലാസ്സൊക്കെ എടുത്ത് എന്തൊക്കെയോ പറയും. വല്യ വായനക്കാരന്റെ മാതിരി. ന്നാലോ ഒരു ലെവലും ഇല്ല. കുട്ട്യോള് അയാളെ കൂക്കിവിളിച്ച് ഓടിച്ചു. ആകെ രസായിരുന്നു."

"അയ്യോ, ചക്കീ അങ്ങനെ ചെയ്യാൻ പാടുണ്ടോ. അയാൾ സുഖമില്ലാത്ത ഒരു മനുഷ്യനല്ലേ. ഒരു പാവം മനുഷ്യൻ. അയാൾക്ക് വേണ്ട സമയത്ത് വേണ്ട ചികിത്സ കിട്ടാഞ്ഞിട്ടല്ലേ, അയാളങ്ങനെ ആയിപ്പോയത്. അസുഖം ബാധിച്ചോരെ ചികിത്സിക്കല്ലേ വേണ്ടത്. ഓടിച്ചുവിടുകയാണോ?"

"അയാൾക്ക് അസുഖം ഒന്നുമില്ലമ്മേ., നല്ല സ്റ്റീൽ ബോഡിയാ. ഇത് വട്ടാ.. തനി വട്ട്. പിരി ലൂസായ വട്ട്."

"ചക്ക്യേ.. ന്നാ അമ്മ ഒരു കാര്യം ചോദിക്കട്ടെ. ഈ രോഗം ന്ന് പറഞ്ഞാലെന്താ?"

"അതെന്താ.. നമുക്ക് നല്ല സുഖമില്ലാത്ത അവസ്ഥ. ചിലപ്പോ നമ്മുടെ അവയവങ്ങൾക്ക് പറ്റുന്ന എന്തെങ്കിലും തകരാറ്. അല്ലെങ്കില് വല്ല ബാക്ടീരിയയോ വൈറസ്സോ ഒക്കെ നമുക്കിട്ട് തരുന്ന പണി. അതൊക്കെ ക്ലാസില് പറഞ്ഞ് തന്നിട്ടുണ്ടല്ലോ. രോഗം വരാതെ




**നമ്മുടെ ബുദ്ധി, ഓർമ, ചിന്തകൾ, വൈകാരികാവസ്ഥ, പെരുമാറ്റരീതികൾ ഇവയൊക്കെയുമായി ബന്ധപ്പെട്ടുണ്ടാകുന്ന രോഗങ്ങളെയാണ് പൊതുവെ മാനസിക രോഗങ്ങൾ എന്നു പറയുക.**

നോക്കണം ന്നും പറഞ്ഞിട്ടുണ്ട്. ഭക്ഷണൊക്കെ നല്ലോണം കഴിക്കണം ന്നും."

"ശരി ശരി, അപ്പം മാനസികരോഗം ന്ന് പറഞ്ഞാൽ എന്താ ന്നറിയ്യോ നിനക്ക്?"

"അത്... അതെന്ത് പറയാനാ.. ഭ്രാന്ത്വ ന്നെ.."

"ഉം... നീ ബുദ്ധിമുട്ടേണ്ട. ഞാൻ തന്നെ പറയാം. നമ്മുടെ ബുദ്ധി, ഓർമ, ചിന്തകൾ, വൈകാരികാവസ്ഥ, പെരുമാറ്റ രീതികൾ ഇവയൊക്കെയുമായി ബന്ധപ്പെട്ടുണ്ടാകുന്ന രോഗങ്ങളെയാണ് പൊതുവെ മാനസിക രോഗങ്ങൾ എന്നു പറയ്വാ. നീ നേരത്തെ പറഞ്ഞല്ലോ, ഏതെങ്കിലും അവയവ വ്യവസ്ഥയുടെയോ വ്യവസ്ഥകളുടെയോ സ്വാഭാവിക പ്രവർത്തനങ്ങൾക്ക് വ്യത്യാസം വരുന്നതുകൊണ്ടാണ് മിക്കപ്പോഴും രോഗങ്ങളുണ്ടാകുന്നത് എന്ന്. ഹൃദയത്തിന്റെ രക്തക്കുഴലുകളിൽ തടസ്സം വന്ന് രക്തപ്രവാഹം തടസ്സപ്പെടുമ്പോഴാണ്.."

"ഞാൻ പറയാം, ഞാൻ പറയാം.. ഹൃദയാഘാതം."


"ഓക്കെ, ഓക്കെ... ഈ ബുദ്ധിയും ഓർമയും



ചിന്തകളും വൈകാരികാവസ്ഥകളും പെരുമാറ്റ രീതികളുമെല്ലാം നമ്മുടെ തലച്ചോറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. അതു കൊണ്ടുതന്നെ തലച്ചോറിന്റെ സ്വാഭാവിക പ്രവർത്തനങ്ങളിൽ പ്രശ്നങ്ങൾ വരുമ്പോഴാണ് മാനസികരോഗങ്ങൾ ഉണ്ടാകുന്നത്."

"അതുശരി. അപ്പം.."

"തലച്ചോറുണ്ടല്ലോ.. തലച്ചോർ. അത് നമ്മുടെ നാഡീവ്യവസ്ഥയുടെ ഭാഗമാണ്. നാഡീവ്യവസ്ഥയുടെ അടിസ്ഥാന ഘടകം ന്യൂറോണുകൾ എന്നറിയപ്പെടുന്ന കോശങ്ങളാണ്."




"ന്യൂറോണോ, ഹായ് നല്ല പേര്."

"പ്രായപൂർത്തിയായ ഒരാളുടെ തലച്ചോറിൽ ഏകദേശം നൂറു ബില്യൺ ന്യൂറോണുകൾ ഉണ്ടാകുമെന്നാണ് കണക്ക്."

"ബില്ല്യണോ? അതെത്രയാ അമ്മേ?"

"ബില്ല്യൺ ന്ന് പറഞ്ഞാൽ നൂറുകോടി."

"ന്റമ്മോ... അതെത്ര വല്യ സംഖ്യയാ.."

"ആ.. വളരെ വല്യ സംഖ്യ തന്നെയാ. എന്നാൽ ഇതുംകൂടി കേട്ടോ. പുതിയൊരു സംഗതി. ന്യൂറോണുകൾ പരസ്പരം ബന്ധപ്പെടുന്ന ജംഗ്ഷനുകളെ സിനാപ്സുകൾ എന്നാണ് പറയുക."

"ആഹാ.. സിനാപ്സ്. നല്ല പേര്. കേൾക്കാൻ നല്ല രസം ണ്ട്."

"ന്യൂറോ ട്രാൻസ്മിറ്ററുകൾ എന്നറിയപ്പെടുന്ന രാസതന്മാത്രകളിലൂടെയാണ് ഈ ന്യൂറോണുകൾ പരസ്പരം ആശയ വിനിമയം നടത്തുന്നത്. ന്യൂറോണുകൾ തമ്മിലുള്ള പരസ്പര ആശയ വിനിമയം സ്വാഭാവിക സന്തുലനാവസ്ഥയിൽ ആയിരുന്നാലേ ആരോഗ്യകരമായ മാനസിക പ്രവർത്തനങ്ങൾ ഉണ്ടാവൂ. സെറോടോണിൻ, ഡോപമിൻ, നോർ അഡ്രിനാലിൻ തുടങ്ങിയവ ന്യൂറോ ട്രാൻസ്മിറ്ററുകളിൽ ചിലതാണ്."

"ഈ അമ്മ പറയുന്ന വാക്കുകളൊന്നും ചക്കീടെ വായിൽ കൊള്ളാത്തതാണല്ലോ. അമ്മയ്ക്കും വട്ടായോ!"

"ഞാൻ പറയുന്നത് കേൾക്കെടീ. ഒരു ഡോക്ടറുടെ മോൾക്ക് മാനസിക ആരോഗ്യത്തെക്കുറിച്ച് ഒന്നുമറിയില്ലാന്ന് വന്നാൽ എനിക്ക് തന്നെയല്ലേ മോശം."

"ഓ.. അമ്മ പറയ്. ഞാൻ റെഡി."

"ന്യൂറോ ട്രാൻസ്മിറ്ററുകളുടെ സ്വാഭാവിക പ്രവർത്തനങ്ങളിൽ വ്യത്യാസം വരുമ്പോളാണ് വിഷാദം, ഉത്കണ്ഠ, ചിത്തഭ്രമം, ഉന്മാദം എന്നൊക്കെ പറയുന്ന രോഗങ്ങൾ ഉണ്ടാവുന്നത്.

അതായത്, മൈ ഡിയർ ചക്കീ.. ഈ ന്യൂറോ ട്രാൻസ്മിറ്ററുകളിലെ പ്രശ്നങ്ങൾ ശരിയാക്കിയാൽ മാത്രമേ മാനസിക രോഗങ്ങളെ ചികിത്സിക്കാൻ കഴിയൂ. അതിനുവേണ്ടി മരുന്നുകൾ കഴിക്കുകയാണ് വേണ്ടത്."

"അപ്പോ, അമ്മ പറഞ്ഞുവരുന്നത് മാനസിക രോഗങ്ങൾ എന്നുപറഞ്ഞാൽ ശാരീരിക രോഗങ്ങൾ പോലെത്തന്നെയാണ് എന്നല്ലേ. എനിക്ക് മനസ്സിലായി."

"അതന്നെ.. അവ ആരുടെയും കുറ്റമോ കുറവോ അല്ല. ദൈവദോഷമോ പിശാചുബാധയോ ഒന്നുമല്ല. ഒരുമിച്ച് ചികിത്സിച്ച് ശരിയാക്കേണ്ട ഒരു പ്രശ്നം മാത്രമാണ്."

"താങ്ക്സ് ട്ടോ അമ്മാ. ഞാനിത് നാളെ എല്ലാരോടും പറയും. വേണേൽ മാഷോടും പറയാ. അമ്മേ വിളിച്ച് സ്കൂളില് ഒരു ക്ലാസ് കൊടുക്കാന്ന്."

"അതിന് അമ്മ എപ്പഴേ റെഡി. നീ ആ കഥാപുസ്തകം ഒന്നമ്മയ്ക്ക് വായിക്കാൻ തരണേ ഇന്ന്..."



# പരിസ്ഥിതി

**ശിവപ്രസാദ് പാലോട്**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



ഇന്നലെവരെ ഓടിച്ചാടി
നടക്കുകയായിരുന്നു...
ഇന്നിതാ,
പുതിയ ക്ലാസ്
പുതിയ കൂട്ടുകാർ,
പുതിയ പുസ്തകങ്ങൾ..
പുതുമാഷ്...
ഇനിയീ പുതുലോകത്ത്
വേരോടിക്കണം
വളരണം..
പടരണം..

കുട്ടി ആലോചനയിലാണ്ടു..

ഇന്നലെ വരെ
പ്ലാസ്റ്റിക് കൂടിലെ
ഇത്തിരി മണ്ണിൽ
കുഞ്ഞുവേരുകളും നാലഞ്ചിലകളുമായി
നിൽപ്പായിരുന്നു..
ഇന്നിതാ
ഈ പുതുമണ്ണിൽ.
തലയാട്ടിച്ചിരിക്കുന്ന കൂട്ടുകാർക്കൊപ്പം .....
ഇനിയിവിടെ
വേരോടിക്കണം..
വളരണം പടരണം...

തൈച്ചെടി ചിന്തയിലാണ്ടു.

കുട്ടിയും തൈച്ചെടിയും
ചേർന്നു നിൽക്കെ
മഴ ചാറി.

✷



**അനൂപ് അന്നൂർ**

ചിത്രീകരണം: കെ.സതീഷ്

# ക്രിസ്റ്റി

തെരുവിൽ അലഞ്ഞുനടന്നിരുന്ന ഒരു വെറും പട്ടിയായിരുന്നു ഞാൻ. എല്ലും തോലുമായി ഉണങ്ങിവരണ്ട ഒരു നായ്ക്കോലം. ഒരു നേരത്തെ അന്നം കിട്ടുന്നതുപോലും വലിയ അനുഗ്രഹമായി കരുതുന്ന ഒരു പാവം. അത് മാത്രമായിരുന്നു ഞാൻ.

എല്ലാ ദിവസത്തെയും പോലെ ആഹാരത്തിനു മുട്ടുള്ള ഒരു ദിവസമായിരുന്നു അന്നും. പഴകിയ ഒരു റൊട്ടിക്കഷ്ണമോ, വലിച്ചെറിഞ്ഞ ഒരു എല്ലിൻതുണ്ടോ കിട്ടുമെന്ന പ്രതീക്ഷയുമായി ചവറുകൂനയ്ക്കു മീതെ മണത്തു നടക്കുമ്പോഴായിരുന്നു ആ മഹാത്ഭുതം.

ചത്ത ഒരു എലി! ഞാൻ അതിനെ അകത്താക്കാനായി വായ് തുറന്നു.

ക്രൗര്യം നിറഞ്ഞ ഒരു മുരൾച്ച! എന്റെ വായ അറിയാതെ അടഞ്ഞുപോയി. ഭക്ഷണത്തിന് ഒരു അവകാശി കൂടി! വെളുത്തതടിച്ച ഒരു പൂച്ചയായിരുന്നു, അത്. മുമ്പെങ്ങും തെരുവിൽ കണ്ടിട്ടേയില്ല. എവിടെ നിന്നോ കുറ്റിയും പറിച്ചുവന്നിരിക്കയാണ്.

കണ്ണുകൾ തുറിച്ച് നഖങ്ങൾ കൂർപ്പിച്ച് ഒരു പുലിയെപ്പോലെ പോരിനായി നിൽക്കുകയാണ് പൂച്ച. നായയാണെങ്കിലും, അവനോട് എതിരിടാനുള്ള കെൽപ്പ് എനിക്കുണ്ടായിരുന്നില്ല. പക്ഷേ, മുന്നിൽ കിട്ടിയ ഇരയെ വിട്ടുകളയാനുംവയ്യ. വയറിനുള്ളിൽ വിശപ്പിന്റെ നിലവിളിയും!

'എന്തും വരട്ടെ! ഒന്നുകിൽ അന്നം അല്ലെങ്കിൽ മരണം.'

ശരീരത്തിനുള്ളിൽ ശേഷിച്ചിരുന്ന മുഴുവൻ ശക്തിയുമെടുത്ത് ഞാൻ പൂച്ചയുടെ മുകളിലേക്ക് കുരച്ചുചാടി. ശൗര്യമുള്ള ആ കുരയ്ക്കുപോലും ഒരു അപേക്ഷയുടെ സ്വരമായിരുന്നു.

'ധിം' ഒറ്റയടി! ഞാൻ ചവറുകൂനയുടെ മുകളിൽ നിന്നും ഉരുണ്ടു റോഡിലെ ചെളിക്കുഴിയിൽ ചെന്നുവീണു. കണ്ണുകൾ മെല്ലെ അടഞ്ഞു. ഇരുട്ട് പരന്നു. പിന്നെയൊന്നും ഓർമയില്ല.

ബോധം തിരികെ ലഭിക്കുമ്പോൾ ഒരു കടത്തിണ്ണയിൽ കിടക്കുകയായിരുന്നു. ഒരു മനുഷ്യസ്ത്രീ അരികിൽ ഇരിപ്പുണ്ട്. ലോകത്തിലുള്ള മുഴുവൻ നന്മയും ആ മുഖത്തുണ്ടായിരുന്നു. അവരെനിക്ക് കുടിക്കുവാൻ പശുവിൻപാലും കഴിക്കുവാൻ ബിസ്ക്കറ്റും തന്നു.

'അമ്മേ' എന്നു വിളിച്ചുകൊണ്ട് ഞാനാ പാദങ്ങളിൽ നന്ദിയോടെ നാക്കുതുടച്ചു.

പൈപ്പിൻ ചുവട്ടിൽ നിർത്തി അമ്മ എന്നെ കുളിപ്പിച്ചു. ദേഹത്തുള്ള ചെളി മുഴുവൻ ഓടയിലേക്ക് ഒഴുകി. തണുപ്പ്! ഞാൻ കിടുകിടാ വിറച്ചു. സാരിത്തലപ്പുകൊണ്ട് അമ്മ എന്നെ തോർത്തി. കമ്പിളിപ്പുതപ്പ് കൊണ്ട് മൂടി.

"മോനെ, എന്റെ കൂടെ വരുന്നോ?"

അമ്മയുടെ പിറകെ ഞാൻ വാലാട്ടി നടന്നു. പുഴക്കരയിലെത്തി. തോണിയിലിരിക്കുമ്പോൾ അമ്മ പറഞ്ഞു: "നീ എന്റെ ക്രിസ്റ്റിയെപ്പോലെയുണ്ട്." ഒരു നിമിഷം എന്തോ ആലോചിച്ചതിനുശേഷം, തിരുത്തി: "അല്ല, നീ എന്റെ ക്രിസ്റ്റി തന്നെ." വീടെത്തുന്നതുവരെ അമ്മ ക്രിസ്റ്റിയെക്കുറിച്ച് മാത്രമാണ് പറഞ്ഞുകൊണ്ടിരുന്നത്. നിൽപ്പ്, കിടപ്പ്, നടപ്പ്, തീറ്റി, കളികൾ, ഇഷ്ടങ്ങൾ എന്നു വേണ്ട ക്രിസ്റ്റിയെക്കുറിച്ചു സകലതും അമ്മ വിവരിച്ചു തന്നു. ക്രിസ്റ്റി അമ്മയുടെ



വാക്കുകളിലൂടെ എന്നിൽ ജീവിക്കുവാൻ തുടങ്ങി.

പുഴ കടന്ന് മരങ്ങളുടെ ഇടയിലൂടെ നടന്ന് ഞങ്ങൾ ഒരു കുന്നിൻചരുവിലെത്തി. മൂക്കത്തിക്കുന്ന്. മൂക്കത്തിക്കുന്നിന്റെ മുകളിലായിരുന്നു അമ്മയുടെ വീട്. പറമ്പിൽ ധാരാളം മരങ്ങളും ചെടികളും. പച്ചപ്പിന്റെ ഒരു കൂടാരം. മരങ്ങളിൽ ഇഷ്ടംപോലെ കായ്കളും, ചെടികളിൽ നിറയെ പൂക്കളുമുണ്ടായിരുന്നു. വീട് അടുത്ത് വരുന്നതോടെ കിളികളുടെ പാട്ടും മൃഗങ്ങളുടെ ഒച്ചകളും കേട്ടുതുടങ്ങി.

"നീ ഇനിമുതൽ ക്രിസ്റ്റിയാണ്. ആര് ചോദിച്ചാലും അങ്ങനെയെ പറയാവൂ. എന്റെ മക്കൾക്കെല്ലാം സന്തോഷമാകട്ടെ."

ഞാൻ ചെവികൾ കുടഞ്ഞ് തലയാട്ടി അമ്മയോടൊപ്പം വീടിനുള്ളിൽ പ്രവേശിച്ചു. അമ്മ ഒരു പ്രത്യേക തരത്തിലുള്ള ശബ്ദമുണ്ടാക്കി. ശബ്ദം കേട്ടയുടനെ വലിയ വാതിലുകളും ജനാലകളുമുള്ള പുല്ലുകൊണ്ട് മേഞ്ഞ ആ വീടിനുള്ളിലേക്ക് ഒരു പാട് പറവകളും മൃഗങ്ങളും എത്തി.

"മക്കളെ, ഇതാ നിങ്ങളുടെ ക്രിസ്റ്റി.




അവൻ തിരിച്ചെത്തിയിരിക്കുന്നു."

പക്ഷികളും മൃഗങ്ങളും എന്നെ പൊതിഞ്ഞു. ചിലർക്ക് ചിരി, ചിലർക്ക് കരച്ചിൽ.

"പ്രിയകൂട്ടുകാരാ, നീ ഞങ്ങളെ വിട്ട് എവിടേക്കാണ് ഓടിപ്പോയത്? ഞങ്ങൾക്കെന്ത് വിഷമമായിപ്പോയെന്നോ."

സന്തോഷവും ദുഃഖവും ഒത്തുചേർന്ന് കണ്ണുനീരായി സഹജീവികളിൽ നിന്നും പൊഴിഞ്ഞുവീണു. ആദ്യമായിട്ടാണ് സ്നേഹത്തിന്റെ ഇത്രയും വലിയ ഒരു വീർപ്പുമുട്ടൽ അനുഭവിക്കുന്നത്.

“മാറിനിക്ക് മക്കളെ, ക്രിസ്റ്റി വിശ്രമിക്കട്ടെ, പിന്നെ ചോദിക്കാം വിശേഷങ്ങളൊക്കെ.”

ക്രിസ്റ്റിയുടെ മുറിയാണ് അമ്മ എനിക്ക് തന്നത്. നിറമുള്ള ചുമരുകളും വൃത്തിയും മെനയുമുള്ള സുന്ദരൻ മുറി. അമ്മ അവിടെയാണ് എനിക്ക് ഭക്ഷണം വിളമ്പിയത്. വയറും മനവും ഒരേപോലെ നിറഞ്ഞു. ഞാൻ നന്നായി ഉറങ്ങി.

കുറച്ചുദിവസം കഴിഞ്ഞതോടെ എല്ലുന്തിയ എന്റെ ശരീരത്തിൽ മാംസം വന്നുനിറഞ്ഞു. ചടച്ച കവിളുകൾ ഒരു റോസാപ്പൂവ് പോലെ വിടർന്ന് സുന്ദരമായി. കണ്ണുകളിൽ പ്രകാശം തുളുമ്പി. കൂട്ടുകാരുടെയെല്ലാം സ്നേഹം കൂടിയായപ്പോൾ ഞാൻ എന്നെത്തന്നെ മറന്നു.

ഒരു ദിവസം അമ്മ പെട്ടി തുറന്ന് ഒരു ഫോട്ടോ എടുത്ത് കാണിച്ചു.

ഒരു സുന്ദരൻ നായ. ഞാൻ ആ ഫോട്ടോയുടെ സൗന്ദര്യം മണത്തിരിക്കെ അമ്മ പറഞ്ഞു: “നീ ആ കണ്ണാടിയിൽ പോയി നിന്നെ ഒന്നു നോക്കിയേ..”

നിലക്കണ്ണാടിയുടെ മുന്നിൽ ചെന്നുനിന്നു. എന്റെ കണ്ണുകളിൽ പൂർണ ചന്ദ്രനുദിച്ചു. ഫോട്ടോയിലെ ക്രിസ്റ്റി തന്നെ, കണ്ണാടിയിൽ!


ദിവസങ്ങൾ കഴിഞ്ഞു. വല്ലാത്ത മടുപ്പ്. എന്തൊരു ജീവിതമാണിത്? സ്വയം മറന്ന് മറ്റൊരാളായി ജീവിക്കുക! മരണം തന്നെയല്ലേ, അത്. മാത്രമോ, ക്രിസ്റ്റി ചെയ്യേണ്ടതെല്ലാം, ഞാൻ വെറുക്കുന്നവയാണ്. ഞാൻ ആഗ്രഹിക്കുന്നവയോ അവന്റെ അരുതായ്മകളും!

ഞാൻ എന്റെ തനിസ്വഭാവം കാണിക്കുവാൻ തുടങ്ങി. മറ്റൊരുവന്റെ ഭക്ഷണം തട്ടിയെടുക്കുക, തിന്നുന്നിടത്ത് തന്നെ അപ്പിയിടുക, വെറുതെയിരുന്ന് മോങ്ങുക, ശണ്ഠയുണ്ടാക്കുക... അങ്ങനെയങ്ങനെ. അത് ക്രിസ്റ്റിയിൽ നിന്നും ആരും പ്രതീക്ഷിക്കുന്നതല്ല. കൂട്ടുകാരെല്ലാം അന്തിച്ചുപോയി.

“നമ്മുടെ ക്രിസ്റ്റി തന്നെയാണോ ഇത്?”

ക്രിസ്റ്റിക്ക് പ്രേതബാധയേറ്റെന്നാണ് അവർ കരുതിയത്. ശല്യം സഹിക്കവയ്യാതായപ്പോൾ മൃഗങ്ങളും പക്ഷികളും അമ്മയോട് പരാതി പറഞ്ഞു. പരാതിയും പരിഹാരവുമൊന്നും ആ വീട്ടിൽ പതിവില്ലാത്തതാണ്. അമ്മ എല്ലാം കാണുന്നുണ്ടായിരുന്നു. പക്ഷേ, വഴക്കൊന്നും പറഞ്ഞില്ല. ഒരു ദിവസം പൊന്മണിപ്രാവിന്റെ കഴുത്തിൽ ഞാൻ കപ്പിയപ്പോൾ അമ്മ പൊട്ടിക്കരഞ്ഞു. എനിക്കത് വല്ലാത്ത സങ്കടമായിപ്പോയി.

ഞാൻ അമ്മയുടെ കാൽക്കൽ ഇരുന്ന് മോങ്ങി. “എന്നെപ്പറഞ്ഞുവിട്ടേരെ, എനിക്ക് ഒരിക്കലും അമ്മേടെ ക്രിസ്റ്റിയാകാൻ കഴിയില്ല.”



അമ്മ മറുപടി ഒന്നും പറഞ്ഞില്ല. ഞാൻ രണ്ട് ദിവസം ഭക്ഷണം കഴിച്ചില്ല. പട്ടിണി കിടക്കുന്ന വിവരം അറിഞ്ഞ കൂട്ടുകാരും ഒന്നും കഴിച്ചില്ല. അമ്മയും.

രണ്ടാം ദിവസം വൈകുന്നേരം അമ്മ വന്നു വിളിച്ചു: "വരൂ.. "

പുഴക്കരയിലേക്കാണ് അമ്മ പോയത്. സന്തോഷം വരുമ്പോഴും സങ്കടം വരുമ്പോഴും അമ്മ പുഴക്കരയിൽ പോയി കുറെ നേരം ഇരിക്കാറുണ്ട്.

അമ്മയുടെ കൈയ്യിൽ ഒരു പന്തുണ്ടായിരുന്നു. മഴവില്ലിന്റെ നിറമുള്ള ഒരു തുകൽപ്പന്ത്. അമ്മ മണൽപ്പരപ്പിൽ

ഇരുന്നു. അമ്മയുടെ ദുഃഖം ആറ്റിയെടുക്കാൻ എന്നതുപോലെ ഒരു നനുത്ത കാറ്റു വീശി. അമ്മ പന്ത് ദൂരേക്ക് എറിഞ്ഞു. അൽപ്പനേരം അത് മണലിലൂടെ ഉരുണ്ടു. പിന്നെ നിശ്ചലമായി. ആരെയോ കാത്തുനിൽക്കുന്നതുപോലെ...

അമ്മ ആത്മഗതമെന്നപോലെ പറഞ്ഞു. "ക്രിസ്റ്റിയ്ക്ക് ഏറെ ഇഷ്ടമുള്ള ഒരു കളിയായിരുന്നു ഇത്. ഞാൻ പന്ത് ദൂരേക്ക് എറിയുമ്പോൾ, അവൻ അത് തിരികെ എന്റെ കൈയ്യിൽ കൊണ്ടെത്തിക്കും. ഒന്നിനെയും അവൻ ഉപേക്ഷിക്കയില്ല. എല്ലാറ്റിനെയും കൂടെ നിർത്തും. അതായിരുന്നു ക്രിസ്റ്റി."

"ക്രിസ്റ്റി എന്തിനാ ഒളിച്ചോടിയത്?'

"ക്രിസ്റ്റി ഒളിച്ചോടുകയോ! അവൻ അങ്ങനെയുള്ള കുട്ടിയല്ല. അവൻ അസുഖം വന്നു മരിച്ചതാണ്. ആ പൂത്ത ചെമ്പകം നിൽക്കുന്ന കുനയില്ലേ, അവിടെയാണ് അവനെ അടക്കിയത്. മക്കളാരും അറിയാതെ."

ഞാൻ വെറുതെ ആകാശം നോക്കിയിരുന്നു. മഴ കഴിഞ്ഞ മാനം. വെള്ളാട്ടിൻകുട്ടികളെപ്പോലെ ആകാശത്ത് മേഘങ്ങൾ തെളിയാൻ തുടങ്ങി.

"അവനില്ലാതെ ഒരു നിമിഷം പോലും എനിക്കോ അവന്റെ കൂട്ടുകാർക്കോ ജീവിക്കാൻ കഴിയുമായിരുന്നില്ല. പക്ഷേ, ഞാൻ അത് സഹിച്ചു. ഞാൻ അമ്മയല്ലേ. അമ്മ തോറ്റുപോയാൽ എല്ലാം നശിക്കും."

എനിക്ക് കൗതുകമായി. ഞാൻ അമ്മയോട് അൽപ്പം കൂടി ചേർന്നുനിന്നു.


"ഞാനാണ് മണ്ടി. ഒരു ജീവിക്കും മറ്റൊന്നാകാൻ കഴിയില്ല. അത് ഞാൻ അറിയേണ്ടതായിരുന്നു. കുറ്റം എന്റെതാണ്. എന്റെയും മക്കളുടെയും സന്തോഷത്തെക്കുറിച്ച് മാത്രമാണ് ഞാൻ ചിന്തിച്ചത്. നീ പൊയ്ക്കൊള്ളൂ, കുട്ടീ, നിന്റെ സ്വാതന്ത്ര്യത്തിലേക്ക്."

അവരുടെ ചുളിവുകൾ വീണ കവിളിലൂടെ കണ്ണീർച്ചാലുകൾ ഒഴുകി. അത് ഒരു പുഴയായി പടർന്നു.

"അമ്മേ.."

എന്റെ വായിൽ നിന്നും അറിയാതെ ഒരു സ്നേഹത്തുണ്ട് പുറത്തേക്ക് ചാടി. ഞാൻ ഓടിച്ചെന്ന് മഴവിൽപ്പന്തിനെ കടിച്ചെടുത്തു. അമ്മയുടെ ചാരത്തേയ്ക്ക് കുതിച്ചു. ആകാശത്തപ്പോൾ മഴവില്ല് തെളിഞ്ഞു. അതിനേക്കാൾ വലുതൊന്ന് അമ്മയുടെ മുഖത്തും. അമ്മ മൂക്കത്തിക്കുന്ന് കയറാൻ തുടങ്ങി. പിറകെ വാലാട്ടി ഞാനും. എന്റെ ഉള്ളിലിരുന്ന് ആരോ എന്നോട് പറയുന്നുണ്ടായിരുന്നു.

"ക്രിസ്റ്റി ഒരു വെറും പേരല്ല. അത് സ്നേഹമാണ്. അത് എല്ലാവരിലുമുണ്ട്. നിന്നിലും. പക്ഷേ, ആ സ്നേഹം മനസ്സിലാക്കി തരുവാൻ ഒരു അമ്മയുണ്ടാകണം. മഴവില്ലുപോലൊരമ്മ".





## പി കെ സുധി

ചിത്രീകരണം: കെ.സതീഷ്

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയ്ക്കടുത്ത് ഓന്തുപച്ച എന്നൊരു സ്ഥലമുണ്ട്. ഓന്തുപച്ചയിലെ കുറെ കുട്ടികൾ യൂട്യൂബിൽ വർണ ഓന്തുകളെകുറിച്ചുള്ള ഒരുവീഡിയോ കാണുകയായിരുന്നു.

നല്ല പ്രകാശത്തിൽ ആ ഓന്ത് വെളിച്ചം പോലെ വെളുത്തു. അതൊരാളുടെ കൈയിലേയ്ക്ക് മാറിയപ്പോൾ ഓന്തിന് കൈയുടെ നിറംവന്നു. ഓന്ത് മേശയിൽ നിരത്തിയ ലാപ്പുകളുടെ മുകളിലൂടെ നടന്നു തുടങ്ങി.

ആദ്യലാപ്പിന് പച്ച നിറം. അതിലെത്തിയ ഓന്ത് പച്ച നിറമുള്ളതായി. കള്ളുകുടിക്കാരുടെ മട്ടിൽ ആടിയാടി ഒരടി മുന്നോട്ടുപോയി അടുത്ത ചുമന്ന ലാപ്പിൽ കയറി. ദേ, ഓന്ത് ചുവന്ന നിറത്തിലേയ്ക്ക്. നീല നിറത്തിലെ ഒരു കണ്ണട അവനു മുന്നിൽ വച്ചു. നമ്മൾ നീലക്കണ്ണടയിലൂടെ കാണുന്നതുമാതിരി നീലക്കുപ്പായമിട്ടവനായി ഓന്തച്ചൻ മാറി.

പിങ്ക്, നീല, ചുവപ്പ്, ഓറഞ്ച്, പച്ച, കറുപ്പ്, ബ്രൗൺ, മഞ്ഞ, പർപ്പിൾ.. നിറക്കളിതന്നെ അവൻ നടത്തി. സാഹചര്യത്തിനനുസരിച്ച് നിറം മാറുന്നതിനു പര്യായം തന്നെ ഓന്തുകളാണ്. അത് അന്വർത്ഥമാക്കുന്നവരാണ് വർണയോന്തുകൾ. ഓന്തുപച്ചയിലെ കുട്ടികൾ തീർച്ചപ്പെടുത്തി.

ഈ വിചിത്ര ജീവികളെ നമുക്ക് കാണണ്ടേ? ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് കണ്ടുനോക്കൂ.





വീഡിയോ കണ്ടുകഴിയുമ്പോൾ, ആരാണീ വീരൻ.. നിങ്ങളും ചോദിച്ചു പോകും. ഇവയാണ് കമലിയോൺ (Chameleon). മരയോന്തുകൾ എന്നുമിവരെ വിളിക്കുന്നു. ആഫ്രിക്കൻ കാടുകളിലും മരുഭൂമിയിലുമാണ് പ്രധാനമായും കാണുന്നത്. ഉരഗ(Reptiles)ങ്ങളുടെ കൂട്ടത്തിലാണ് കമലിയോണുകളെ വർഗീകരിച്ചിരിക്കുന്നത്. ഫാമിലി കമലിയോണിഡേ. ഏഷ്യ, മെഡിറ്ററേനിയൻ, മെഡഗാസ്കർ എന്നിവിടങ്ങളിലും കാണാം. നമ്മുടെ നഖത്തിന്റത്ര മുതൽ പൂച്ചയുടെത്ര വലിപ്പമുള്ളവ വരെ നൂറ്റിയൻപതു ജാതി കമലിയോണുകളുണ്ട്.

കൗതുകങ്ങളുടെ കേദാരമാണിവൻ. ആദ്യത്തേത് നിറം മാറ്റം. ശത്രുക്കളിൽ നിന്നും രക്ഷപ്പെടാൻ ഇതു സഹായിക്കുന്നു. പിന്നെ, മരത്തിൽ ചുറ്റിപ്പിടിക്കാൻ സഹായിക്കുന്ന വാല്. കൈകാലുകളിലെ കൂടിച്ചേർന്ന വിരലുകൾ. അത്യുഗ്രൻ കണ്ണ്. അടിക്കണക്കിനു നീളമുള്ള ഇരപിടിയൻ നാവ്. ആരും ഒന്നു ശ്രദ്ധിക്കും കമലിയോണാശാന്റെ കൈവേലകൾ.

# കമലിയോൺ

ആദ്യം അവന്റെ നാവിന്റെ പെരുമകൾ നോക്കാം. ഏകദേശം രണ്ടടിയോളം നീളം (ശരീര നീളത്തിന്റെ രണ്ടിരട്ടിയോളം) വരുന്ന നാവിൻതുമ്പിന് ചെറുജീവികളെ ഒട്ടിച്ചെടുക്കാനുള്ള കഴിവുണ്ട്. മിണ്ടാതിരുന്ന് ചൂണ്ടയെറിയുന്നതുമാതിരി പശയുള്ള നാവിനെ കമലിയോൺ പായിച്ച് ഭക്ഷണം നാക്കിലൊട്ടിച്ച് ടപ്പേന്നു തിരികെ വായിലെടുക്കും. മണിക്കൂറിൽ പതിമ്മൂന്നു മൈലുകൾ (ഏകദേശം 21 കി.മി) വേഗതയാണ് ഈ നാവ് നീട്ടലിന്റെയും തിരിച്ചെടുക്കലിനുമുള്ളത്. ഇത്രയും ധൃതിയിൽ തീറ്റയെടുക്കാൻ മറ്റാർക്കും (നമുക്കും) പറ്റില്ല(അവന്റെ/ അവളുടെ നാക്കിന്റെ



നീളമേ.. വാചകമടിക്കാരായ മനുഷ്യരെ മേലിൽ നമ്മളെങ്കിലും കളിയാക്കരുത് ).


കമൽ തിന്നുന്നതെന്തൊക്കെ? ഷഡ്പദങ്ങളും ചെറു പക്ഷികൾവരെയും ഭക്ഷണത്തിലുൾപ്പെടുന്നു. സസ്യഭാഗങ്ങളും ആഹാരത്തിലുള്ളതിനാൽ ആളൊരു മിശ്രഭോജിയാണ്(Omnivorous). അങ്ങനെ തീറ്റക്കാര്യത്തിനൊരു തീരുമാനമായി.

ഇനി കമലിയോൺ കണ്ണിലേയ്ക്ക് നോക്കാം. ഉണ്ടക്കണ്ണുകളാണ്. മത്തടിച്ചതുമാതിരി കണ്ണടച്ച് മൂപ്പർക്കൊരു കിറുങ്ങിയിരുപ്പുണ്ട്. കൺപോളകൾ ഷീൽഡുമാതിരിയായി കണ്ണിനെ മൂടിയിരിക്കുന്നതിനാലാണ് അങ്ങനെ തോന്നുന്നത്. ഷീൽഡിനു നടുവിലെ ചെറിയ ദ്വാരമാണ് കൃഷ്ണമണി. ഉള്ളിലുശിരൻ ലെൻസുണ്ട്. മുന്നൂറ്റി അറുപത് ഡിഗ്രിയിൽ ചുറ്റിക്കറക്കാൻ ശേഷിയുള്ള കണ്ണാണ് കമലിയോൺ കൈവശപ്പെടുത്തിയിരിക്കുന്നത്. കണ്ണിനെ തിരിക്കാൻ കഴിവുള്ളതിനാൽ അനങ്ങാണ്ടിരുന്നാലും തലമുതൽ വാലുവരെ ചുറ്റിലുള്ള കാര്യങ്ങളെല്ലാം ആശാന്റെ റഡാർക്കണ്ണ് പിടിച്ചെടുക്കും. രണ്ടു കണ്ണുകൾ. അവകൊണ്ട് ഒരു വസ്തുവിനെയല്ല നോക്കുന്നത്. രണ്ടിടത്തേയ്ക്കാണ് ആശാന്റെ ദൃഷ്ടി പതിയുന്നത്. കമലിയോണിൽ പരിണാമ പ്രകൃതിയ നടത്തിയ വികൃതികളേ!

നടത്തം നോക്കാം. വിരലുകൾ നമ്മുടെ മാതിരി അഞ്ചുണ്ടേ. എന്നാലോ രണ്ടും മൂന്നും വീതം രണ്ടു ഗ്രൂപ്പുകളായി കൂടിച്ചേർന്നിരിക്കുന്നു. അതുകൊണ്ട് മരത്തിലൂടെ പിടിച്ചുപിടിച്ചു പിച്ചനടക്കാൻ കമലിയോണിന് കഴിയും. പിന്നുള്ളതൊരു കെങ്കേമൻ വാല്. അത് ചുരുട്ടി മരക്കൊമ്പുകളിൽ പിടുത്തമിടും. ഒരു കമലും താഴെപ്പോകില്ല. ഇതും മരത്തിലെ ജീവിതത്തിനു സഹായകരമാണ്. ചില കമലിയോണുകൾക്ക് വാലു ചുരുട്ടാനുള്ള സിദ്ധിയില്ല. സാരമില്ല. ഈ ലോകത്തിൽ എല്ലാം തികഞ്ഞ ഒരു കമലിയോണുമില്ല. എന്നുസമാധാനിക്കാം.

തലയിൽ കൊമ്പുണ്ട്. മൂന്നാണ് കൊമ്പുകൾ. ദേഷ്യം വന്നാൽ മൂപ്പര് ശരീരത്തിന്റെ നിറംമാറ്റി പേടിപ്പിക്കും. അതു മാത്രമല്ല. കവിളൊക്കെ വീർപ്പിച്ച് ഒരു വിരട്ടലുമുണ്ട്. ആകപ്പാടെ വശപ്പിശക്. അതുകണ്ട് ആരുമൊന്നു പതറിപ്പോകും.

കൊമ്പുണ്ടെങ്കിലും ഒരുവലിയ കുറവുണ്ട്. പാമ്പിനെപ്പോലെ ചക്ഷുശ്രവണനാണ്. മിൻസ്... ചെവിക്കുടയും മധ്യകർണവുമില്ലാത്തതിനാൽ മിണ്ടിയാലും പറഞ്ഞാലും കേൾക്കത്തില്ല. പൊട്ടനെന്നർത്ഥം. അപ്പോൾ കാഴ്ച തന്നെ മുഖ്യ ഇന്ദ്രിയം. അപ്പോൾ ചക്ഷുശ്രവണനെന്നല്ലേ ഇരട്ടപ്പേരിടേണ്ടത്?







ഇനി നിറംമാറ്റ ശാസ്ത്രം നോക്കാം. തൊലിക്കടിയിലെ പിഗ്മെന്റ് കോശങ്ങളാണ് അടിക്കടി നിറംമാറ്റത്തിന് ഈ കുഞ്ഞനെ സഹായിക്കുന്നത്. ചുറ്റുപാടുകളുടെ നിറം. ചൂട്, തണുപ്പ്, വൈകാരികാവസ്ഥ എന്നിവയൊക്കെ ഇതിനു പ്രേരണയാകുന്നു. പരിസരവുമായി ഒത്തുചേർന്നു ശത്രുക്കളെ കബളിപ്പിക്കുന്നതിനു പുറമെ പരസ്പരമുള്ള ആശയ വിനിമയത്തിനും നിറംമാറ്റം സഹായകരമാണ്. ഒരു കമലിയോണിനു മുന്നിൽ മറ്റൊരാളെ എത്തിച്ചാൽ അവർ മിണ്ടിയും പറയുകയുമില്ല. "സുഖമാണോ? എന്തുകഴിച്ചു?" പരസ്പരം തൊലിയുടെ നിറം മാറ്റി കാര്യങ്ങളറിയിക്കും.

പച്ചക്കാട്ടിൽ നിന്നാൽ ഉടുപ്പിനു പച്ച നിറം. ക്ലാസ്സുമുറിയിലെ ചുവരിനു ചേരുന്ന വെളുത്ത യൂണിഫോം. കമലിയോണിന്റെ നിറംമാറ്റത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ടുകൊണ്ട് പരിസരത്തിനനുസരിച്ച് നിറംമാറ്റം വരുന്ന വസ്ത്രങ്ങളുണ്ടാക്കിയാലോ? ഗുഡ് ഐഡിയയല്ലേ? അത്തരത്തിലുള്ള ടി– ഷർട്ടുകൾ അതിന്റെ നിർമാണ ദശയിലാണ്. വൈകാതെ അതുമിട്ട് നമുക്ക് ചെത്താം.

മുട്ടയിടുന്നവരാണ് കമലിയോണുകൾ. ഒരുതവണ രണ്ടുമുതൽ നാൽപ്പതു മുട്ടകൾ വരെയുണ്ടാകും. അവ വിരിഞ്ഞു കമലിയോണുണ്ണികൾ പിറക്കാൻ മൂന്നുമാസങ്ങൾ വേണ്ടിവരും.

വളർത്തു കമലിയോണുകളായി പല രാജ്യങ്ങളിലും ഇവർ വിലസുന്നുണ്ട്. ഒരുകമലിയോണിനെ സംഘടിപ്പിച്ചാലോ? ഇവനൊരു അടിപൊളി സംഭവം തന്നെയെന്നു തോന്നുന്നില്ലേ? കമലിയോണിനെ വീട്ടിലെ കൂട്ടിലാക്കുമ്പോൾ ശ്രദ്ധിക്കാനുള്ള ടിപ്പുകൾ നെറ്റിൽ ലഭിക്കും. അവയെന്തൊക്കെയാണ് ഒന്നുനോക്കൂ.

"അവൻ ആളൊരു ഓന്താണ്." ആരുടെയെങ്കിലും സ്വഭാവം കണ്ടിട്ട് അങ്ങനെ മാത്രമിനിമേൽ പറയല്ലേ! അവനൊരു കമലിയോണാണ് എന്നേ മനുഷ്യോന്തന്മാരെ വിളിക്കാവൂ. അല്ലെങ്കിൽ ഓന്തിനു നാണക്കേടാണ്!

അപ്പോൾ ആരാണീ വീരൻ? കമലിയോണാണിവൻ.

എല്ലാം കേട്ടിട്ടും പൊട്ടന്മാരെപ്പോലെ ചോദ്യങ്ങളുന്നയിക്കുന്നവരോട് "വെളുക്കവോളം രാമായണം വായിച്ചിട്ട് സീതയുടെ മാപ്പിളയാരാ?" എന്നു ഓന്തുപച്ചക്കാർ ചോദിക്കും.


മരത്തിലെ ജീവിതത്തിന് കമലിയോണിനുള്ള അനുകൂലനങ്ങൾ (Adaptation) എന്തൊക്കെയാണ്? വെളുക്കുവോളം രാമായണം വായിച്ചിട്ട് സീതയുടെ മാപ്പിളയാരാ അമ്മട്ടിലൊരു ചോദ്യം കൂടിയാവാമല്ലോ!



# കാഴ്ച

## സിന്ധു എൻ.പി

ചിത്രീകരണം: കെ.സതീഷ്




വിത്തിനുള്ളിൽ ഞാൻ
നോക്കിയിരിക്കെ
വമ്പൻമാവു
ചുരുണ്ടുറങ്ങുന്നു!

തുള്ളിച്ചാടാതെ
യണ്ണാറക്കണ്ണൻ
ചില്ലയുണ്ടാവാൻ
കാത്തിരിക്കുന്നു.

കൺ തുറക്കാതെ
കുഞ്ഞിക്കിളികൾ
തൂവലെല്ലാം
പുതച്ചുറങ്ങുന്നു!


നീലയാകാശ
മുൾക്കണ്ണിൽക്കണ്ടോ
മെല്ലനേയവ
പുഞ്ചിരിക്കുന്നു!

ഇത്തിരിപ്പോന്ന
വിത്തിന്റെയുള്ളിൽ
എന്തിനെന്നെ
യടച്ചിട്ടുവെന്ന്
ഹമ്പട! കൊട്ടും
കാറ്റൊന്നു ദിനം
മൂളുന്നുണ്ടിതാ ഞാൻ
ചെവി ചേർക്കെ.

കണ്ടതൊന്നുമേ
കാണുന്നതല്ലാ
കേൾപ്പതൊന്നുമാ
കേൾക്കുന്നതല്ല .

ഓർത്തുനോക്കുകിൽ
ജീവിതം ഭൂവിൽ
കാത്തുവെക്കുന്ന
തത്ഭുതം മാത്രം.

കുഞ്ഞുവിത്തേ
ഞാൻ വയ്ക്കുന്നു നിന്നെ
സ്നേഹപൂർവമീ
മണ്ണിന്റെ മേലേ.



പത്താം വെല്ലുവിളി




ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് ഇനിയും അവസരം...
www.eureka.kssp.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യൂ.
ഒന്നാം വെല്ലുവിളി മുതൽ നിങ്ങൾക്ക് ഈ കളിയിൽ പങ്കെടുക്കാം.

# തുന്നിയെടുക്കാനൊരു വെല്ലുവിളി

**രാധാകൃഷ്ണൻ ആലുവീട്ടിൽ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

മനുഷ്യരാണോ പക്ഷികളാണോ ആദ്യം തുന്നാൻ തുടങ്ങിയിട്ടുണ്ടാവുക?

എല്ലാവരും ഒന്നിച്ചിരുന്ന് ഉച്ചഭക്ഷണം കഴിക്കുമ്പോഴാണ് നിമിഷ ഈ ചോദ്യം ഉയർത്തിയത്. എന്താ ഇങ്ങിനെ ഒരു ചോദ്യം വരാൻ എന്ന ഭാവത്തിൽ അമ്മ അവളെ നോക്കി. ചേട്ടൻ ഒന്നു ചിരിച്ച്, എന്നോടല്ല എന്ന ഭാവത്തിൽ കുറച്ചുകൂടി ചോറ് വിളമ്പിയെടുത്തു. അച്ഛനാണ് മറുപടി പറഞ്ഞത്.

പക്ഷികളാവാനാണ് സാധ്യത. എന്താ ഇങ്ങനെ ഒരു ചോദ്യം?

ചോദിക്കാനുണ്ടോ അമ്മേ.. അവളിപ്പോൾ വല്യ പക്ഷിനിരീക്ഷകയല്ലേ. പകൽ നടത്തത്തിനിടയിലും വഴിയിലെല്ലാം പക്ഷിക്കൂടുകൾ തെരയുന്നുണ്ടായിരുന്നു. ചേട്ടൻ നിമിഷയെ നോക്കി പറഞ്ഞു.

ഏതെങ്കിലും പക്ഷിയുടെ ശബ്ദം കേട്ടാൽ ഉടനെ പുറത്തേക്ക് ഓട്ടമാണ്. അമ്മയും ചേട്ടന്റെ കൂടെ കൂടി.

പകൽനടത്തം നല്ലൊരനുഭവമായിരുന്നെന്ന് നിമിഷയോർത്തു. കണ്ടിട്ടും കാണാതെ പോയ ഒരുപാടു കാഴ്ചകൾ... കേട്ടിട്ടും കേൾക്കാതെ പോയ ശബ്ദങ്ങൾ... ഒരു പാടൊരുപാട് പുതിയ അറിവുകൾ സമ്മാനിച്ച യാത്ര!

ഹേയ്.. നിമിഷാ.. പകൽസ്വപ്നം കാണാതെ ഇതു കേൾക്ക്.

ജീവികളിൽ നിന്ന് മനുഷ്യൻ പലതും പഠിച്ചിട്ടുണ്ട്, നീന്തലും പറക്കലും ഉൾപ്പെടെ പലതും. ചേട്ടൻ ചിരിച്ചു.

നിങ്ങളാരെങ്കിലും തുന്നാരന്റെ കൂട് കണ്ടിട്ടുണ്ടോ? അച്ഛൻ ചിരിച്ചു. പുതിയ വെല്ലുവിളിയുടെ ആമുഖമാണതെന്ന് നിമിഷ മനസ്സിലോർത്തു.

ചേട്ടൻ ഭക്ഷണം കഴിച്ച് എഴുന്നേൽക്കാൻ തുടങ്ങിയപ്പോൾ, ഇരിക്ക് അടുത്ത വെല്ലുവിളി കൂടി ചർച്ച ചെയ്തിട്ട് പോകാം എന്നു പറഞ്ഞ് അച്ഛൻ തുടങ്ങിവച്ചു.

ഇവിടെ ഓരോരുത്തർക്കും എത്ര ജോഡി വസ്ത്രങ്ങൾ ഉണ്ടാകും?

പഴയ വസ്ത്രങ്ങൾ ഒഴിവാക്കാനുള്ള വല്ല വെല്ലുവിളിയും ഉണ്ടെങ്കിൽ നന്നാവും. അമ്മ പകുതി കളിയായും പകുതി കാര്യമായും പറഞ്ഞു.

അധികം ഉപയോഗിക്കാത്തതാണെങ്കിൽ അതെല്ലാം നന്നായി കഴുകി ഇസ്തിരിയിട്ട് ഭംഗിയായി മടക്കിയെടുത്താൽ ആവശ്യക്കാർക്ക് സംഭാവനയായി നൽകാം. കോളേജിൽ അതിനുള്ള സംവിധാനം ഉണ്ട്.

എന്നാൽ അൽപം കീറിയത്, കറയായത്, നിറം മങ്ങിയത് എന്നിങ്ങനെ ഉപയോഗശൂന്യമായവ എന്തു ചെയ്യും? ആർക്കും കൊടുക്കാനും പറ്റില്ല, എവിടെയെങ്കിലും കൊണ്ടുപോയി കളയാനും പറ്റില്ല. അമ്മ പരിഭവത്തോടെ പറഞ്ഞു.

അതു തന്നെയാണ് ഫാമിലി ചാലഞ്ച് ഗെയിമിലെ വെല്ലുവിളി. എല്ലാവരും സഹകരിച്ചാൽ എളുപ്പത്തിൽ പൂർത്തിയാക്കാം. അച്ഛൻ

പറഞ്ഞു തീരുമ്പോഴേക്കും നിമിഷ വെല്ലുവിളി പുസ്തകവും എടുത്ത് എത്തിയിരുന്നു.

അതിനെന്താ എല്ലാവരും സഹകരിക്കാറുണ്ടല്ലോ? അച്ഛനരികിലിരുന്നുകൊണ്ട് അവൾ പറഞ്ഞു. പിന്നെ അച്ഛൻ പറയുന്ന വെല്ലുവിളി നിബന്ധനകൾ പുസ്തകത്തിലെഴുതാൻ തുടങ്ങി.

1 ഉപയോഗിക്കാതെ കിടക്കുന്ന വസ്ത്രങ്ങളിൽ നിന്നും ഒരു പുതിയ ഉപയോഗ സാധ്യത കണ്ടെത്തണം. വസ്ത്രമല്ലാത്ത മറ്റൊരു ഉൽപ്പന്നം. സവിശേഷമായത്, നമ്മുടെ സ്വന്തം കണ്ടെത്തൽ...
2. ഒരു കുടുംബത്തിൽ നിന്നും 5 ഉൽപ്പന്നമെങ്കിലും ഉണ്ടാവണം.
3. പുതിയ തുണികൾ ഉപയോഗിക്കാൻ പാടില്ല. ഉൽപ്പന്നങ്ങൾ പൂർണമായും പഴയ വസ്ത്രങ്ങളിൽ നിന്നും രൂപപ്പെടുത്തണം.
4. ആരും പ്രതീക്ഷിക്കാത്തത്രയും മികച്ചതാവണം.

നിബന്ധനകളെല്ലാം എഴുതിയച്ചാ. പക്ഷേ... എങ്ങനെ തുടങ്ങണം? ഒന്നു വിശദമായി പറയാമോ? നിമിഷയ്ക്ക് ധൃതിയായി.

അതിനെന്താ. ചെയ്യേണ്ട കാര്യങ്ങൾ ഇതൊക്കെയാണ്..

- പുനരുപയോഗത്തിന് പറ്റിയ വസ്ത്രങ്ങൾ തെരഞ്ഞെടുക്കുക.
- രൂപപ്പെടുത്താവുന്ന സാധ്യതകൾ ചർച്ച ചെയ്യുക.
- നിർമാണത്തിന് എന്തെല്ലാം സാമഗ്രികൾ വേണമെന്ന് തീരുമാനിക്കുക.
- ഉണ്ടാക്കാൻ പോകുന്ന വസ്തുവിന്റെ ചിത്രം വരയ്ക്കുക.
- 15 ദിവസത്തിനുള്ളിൽ 5 എണ്ണമെങ്കിലും ഉണ്ടാക്കുമെന്ന് ഉറപ്പാക്കുക.
- നിർമാണം വീഡിയോയിൽ പകർത്തുക.
- സ്കൂളിനു പുറമേ, അയൽപ്പക്ക കൂട്ടായ്മ, വായനശാല, ബാലവേദി എന്നിവിടങ്ങളിലും മത്സരവും പ്രദർശനങ്ങളും സംഘടിപ്പിക്കുക.
- നിർമിച്ചവ ഉൾപ്പെടുന്ന സ്വചിത്രം സമൂഹമാധ്യമങ്ങളിൽ #Eureka_challenge എന്ന ഹാഷ് ടാഗോടെ ഉൾച്ചേർക്കുക.

അച്ഛൻ പറഞ്ഞു നിർത്തി.



കൈ കഴുകിയിട്ടാവാം ബാക്കി ചർച്ച. അമ്മ എഴുന്നേറ്റു. മറ്റുള്ളവരും അവരവർ കഴിച്ച പാത്രങ്ങളുമെടുത്ത് എഴുന്നേറ്റു.

പുതിയ വെല്ലുവിളി യെക്കുറിച്ചുള്ള ചിന്തയിലാണ് നിമിഷ. കൂട്ടുകാരേ നിങ്ങളും അങ്ങനെയല്ലേ?



കെ യതീന്ദ്രനാഥൻ

# വാളൻപുളി

ഉപ്പ്, മുളക് എന്നിവയോളമെത്തില്ലെങ്കിലും മലയാളികൾ പുളിക്കും പ്രാധാന്യം കൽപ്പിക്കുന്നുണ്ട്. കറികൾക്കു പുളിരസം പകരാൻ പച്ചമാങ്ങ, കൊടമ്പുളി, നാരങ്ങ, തൈര് എന്നിവയെല്ലാം പ്രയോഗിക്കാറുണ്ട്. ഓരോന്നിനും ഓരോ രുചിയാണ്. പഴുത്ത തക്കാളിക്കയിട്ടാലും കറികളിൽ പുളിരസം കടന്നുകൂടും.

ഇങ്ങനെയൊക്കെയാണെങ്കിലും പുളി എന്നു പറഞ്ഞാൽ നമ്മുടെ മനസ്സിൽ ഓടിയെത്തുക വാളൻപുളി തന്നെ. മലയാളി മനസ്സിനെ ഇതുപോലെ കീഴടക്കിയ മറ്റൊരു പുളിരസവും ഇല്ലതന്നെ. സാമ്പാർ, ഉള്ളിക്കറി, കിച്ചടി, ചമ്മന്തി, മീൻകറി എന്നിങ്ങനെ നിരവധി കറികളിൽ പുളി അഥവാ വാളൻപുളി ചേർക്കാറുണ്ട്.

പെട്ടെന്നൊരു അതിഥി വന്നുകയറിയാൽ ചോറിൽ ഒഴിച്ചുകൂട്ടാനായി ഒരെളുപ്പവഴിയാണ് കൊട്ടാരക്കര പുളി. പുളി വെള്ളത്തിലിട്ടു പിഴിഞ്ഞ് കിട്ടുന്ന ചാർ ആവശ്യാനുസരണം നേർപ്പിച്ച് മുളകുപൊടി (കുരുമുളകുപൊടിയുമാകാം) മല്ലിപ്പൊടി, മഞ്ഞൾപ്പൊടി എന്നിവ ചേർത്ത് ചൂടാക്കി കടുവറുത്തെടുത്താൽ കൊട്ടാരക്കര പുളിയായി. പുളിയിൽ ഉപ്പുവിതറി കുഴച്ച് ഉണ്ടകളുണ്ടാക്കി ഭരണികളിൽ അടച്ചുവച്ചാൽ ഒരു കൊല്ലത്തോളം അതു കേടുകൂടാതെ ഇരിക്കും. അക്കാലമൊക്കെ

## ഉംംം, പുളി

പുളിമരത്തിന്റെ ഇലയ്ക്കു പോലും പുളിരസമുണ്ട്. പുളിയിലയിട്ടു തിളപ്പിച്ചാറ്റിയ വെള്ളത്തിൽ കുളിക്കാൻ വൈദ്യന്മാർ കൽപ്പിക്കാറുണ്ടായിരുന്നു. ചില രോഗങ്ങളുടെ ചികിത്സാവിധിയിൽപ്പെടുമത്.

പുളിയുടെ പുളിരസത്തിനു കാരണം ടാർടാറിക് ആസിഡ് എന്നു പേരുള്ള അമ്ലമാണ്. മുന്തിരങ്ങയിലും ഇതേ അമ്ലമാണുള്ളത്.

# ക്ലാവ് മാറ്റണോ?

**പി**ച്ചള, ചെമ്പ്, വെള്ളോട് തുടങ്ങിയവയിലെ ക്ലാവു മാറ്റാൻ പണ്ടു മുതലേ പുളിയാണു പയോഗിക്കാറുള്ളത്. പിച്ചളപ്പാത്രങ്ങളും, വിളക്ക്, പൂജാസാമഗ്രികൾ എന്നിവയും പുളിതേച്ചു മിനുക്കിയാൽ സ്വർണനിറം ലഭിക്കും. ക്ലാവ് എന്നു പറയുന്നത് ചെമ്പിന്റെയും ചെമ്പടങ്ങിയ സങ്കരലോഹങ്ങളുടെയും രക്ഷാകവചമാണ്. കോപ്പർ കാർബണേറ്റ്, കോപ്പർ അസറ്റേറ്റ് തുടങ്ങിയ വസ്തുക്കളാണുണ്ടാകുക. ടാർടാറിക് ആസിഡുമായി ഏറ്റുമുട്ടുമ്പോൾ ഇതു നശിക്കും. അങ്ങനെ ലോഹത്തിന്റെ തനതായ നിറം കാണാനാകും.



**വാളൻപുളിയെ ഏതു ഗണത്തിൽപ്പെടുത്താം. അതൊരു പച്ചക്കറിയാണോ, പഴമാണോ? അതോ വ്യഞ്ജനമോ?**

പോയി. പലവ്യഞ്ജനക്കടയിൽ പോയി 'പുളി' പാക്കറ്റു രൂപത്തിൽ വാങ്ങുന്നതു ശീലമായി. പുളിസത്ത്, പുളിപ്പൊടി എന്നിങ്ങനെ പല രൂപത്തിൽ ഇന്ന് പുളി എത്തുന്നു.

പുളി പഴുക്കുമ്പോൾ വിളവെടുപ്പുകാലമായി. പണ്ടൊക്കെ കർഷക കുടുംബങ്ങളിലെ കുട്ടികൾക്ക് ഇതൊരാഘോഷകാലം കൂടിയാണ്. പുളികുത്തി കുരു കളഞ്ഞ് ഏൽപ്പിച്ചാൽ പുളിങ്കുരുവാണ് കൂലി. അതു കാരണം മത്സരമാണ്, കൂടുതൽ ജോലിചെയ്യാൻ.

വാളൻപുളിയെ ഏതു ഗണത്തിൽപ്പെടുത്താം. അതൊരു പച്ചക്കറിയാണോ, പഴമാണോ അതോ വ്യഞ്ജനമോ? പുളി ഇതിലെല്ലാം പെട്ടതെന്നാണുത്തരം. എങ്കിലും കൂടുതൽ യോജിക്കുക പഴം എന്നു പറയുന്നതാണ്. കാരണം, പുളിയിൽ പുളിരസത്തിനു പുറമെ മധുരവും ചേർന്നിട്ടുണ്ട്. ഒപ്പം ധാരാളം വിറ്റാമിനുകളും ധാതുക്കളും.

പുളിക്ക് ടാമറിന്റ് എന്നാണ് ഇംഗ്ലീഷിൽ പറയുക (Tamerind) ഇന്ത്യൻ ഈത്തപ്പഴം എന്നാണ് വാച്യാർത്ഥം. അറബിയിലെ ടാമർ ഹിന്ദ് ആണ് ടാമറിന്റ് ആയി മാറിയത്. പുളിമരത്തിന് ടാമറിൻഡ് ഇന്റിക്ക എന്നും. എപ്പോഴും പച്ചപ്പുകാട്ടുന്ന ഇത് ഒരു വൻമരമല്ല. ഒരിനം സ്പീഷീസ് മാത്രമെ ഇതുവരെയും കണ്ടിട്ടുള്ളൂ. രാത്രിയിൽ ഇലമടക്കി ഉറങ്ങുന്ന സ്വഭാവം ഇതിനുണ്ട്. ദീർഘായുസ്സുള്ള ഒരു സസ്യമാണിത്. വളരെ നേർത്ത കാതലാണിതിനുള്ളത്. ഈ പുളിയുടെ കാതലിന് നല്ല പ്രിയമുണ്ട്. കൊട്ടുവടിയുണ്ടാക്കാൻ പുളിങ്കാതൽ തന്നെ വേണമെന്നു നിഷ്ക്കർഷിക്കുന്ന മൂത്താശാരിമാരുടെ കാലമുണ്ടായിരുന്നു പണ്ട്.

സാമാന്യം കട്ടിയുള്ള ഒരു തോടിനുള്ളിലാണ് കുഴമ്പുപരുവത്തിലുള്ള പുളി അടങ്ങിയിട്ടുള്ളത്. പച്ചപ്പുളിയിൽ ജലാംശം കലർന്ന് തോടിനകത്ത് നിറഞ്ഞുനിൽക്കുമിത്. പഴുക്കുമ്പോൾ ജലാംശം കുറഞ്ഞ് കട്ടിയുള്ള കുഴമ്പായി തോടിനുള്ളിൽ നിന്നും വേർപെട്ട് നിലകൊള്ളും. തോടു പൊട്ടിച്ച് പുളി പുറത്തെടുത്താണ് കുരു കളയുക. പാചകത്തിനാണിത് കൂടുതലും ഉപയോഗിച്ചുവരുന്നത്. ഔഷധമായും ഉപയോഗിക്കാറുണ്ട്.

കാഴ്ചപ്പുറം

സുരഭിവചന

### ദിനാചരണം

**ഒക്ടോബർ 9 ലോക തപാൽദിനമാ**

നൂതനമായ പല സാങ്കേതികവിദ്യകൾ ആശയവിനിമയ രംഗത്തു വന്നെങ്കിലും തപാലിലൂടെ എത്തുന്ന സന്ദേശങ്ങൾക്കായി നമ്മൾ പലരും കാത്തിരിക്കുന്നു. കത്തു വന്നോ? പോസ്റ്റ്മാൻ വന്നോ?

ഇങ്ങനെയുള്ള ചോദ്യങ്ങൾ നിങ്ങൾ കേട്ടിട്ടുണ്ടോ?

നിങ്ങളും കത്തെഴുതിയിട്ടുണ്ടോ? കത്ത് വായിച്ചിട്ടുണ്ടോ?

പോസ്റ്റ് ഓഫീസ് സന്ദർശിച്ചിട്ടുണ്ടോ? എന്താണ് ലോക തപാൽദിനത്തിൽ നിങ്ങൾക്കു പറയാനുള്ളത്?

മാമൻ കാത്തിരിക്കുന്നു.

എഴുതിക്കോളൂ. പോസ്റ്റ് ചെയ്തോളൂ.




### ചിത്ര

## ഇതാണ്

ഈ ചിത്രത്ത
ഇതാണ് പ്ര
കളിമൺ പ്ര
നിറങ്ങൾ ചാലി
ങ്ങൾ എന്നു പറ

മടിക്കേണ്ട എ



### സസ്യലോകം

## ഫൈറ്റോട് ഫൈറ്റ്

അടിയും ഇടിയുമൊന്നുമല്ല ഈ ഫൈറ്റ്. പിന്നെയോ? ഈ ഫൈറ്റുകൾ വേറെയാണ്. കേട്ടോളൂ.


മരുഭൂമിയിൽ വളരുന്ന സസ്യങ്ങളെ സീറോ ഫൈറ്റുകൾ എന്നാണ് വിളിക്കുന്നത്.

ജലത്തിൽ വളരുന്ന സസ്യങ്ങൾ ഹൈഡ്രോ ഫൈറ്റുകൾ ആണ്.

മിതമായ വെള്ളം കിട്ടുന്നിടത്ത് വളരുന്ന സസ്യങ്ങളാണ് മിസോ ഫൈറ്റുകൾ.

തണലിൽ വളരുന്നവ സിയോ ഫൈറ്റുകളും.

എങ്ങനെയുണ്ട് ഈ ഫൈറ്റുകൾ.



### കണ്ടുപിടുത്തം

## മൗസ്...

അതേ, ചിത്രത്തിൽ കാ
ട്ടർ മൗസ് തന്നെ.

1964 ലാണ് കമ്പ്യൂട്ടർ മ
ക്കുന്നത്. ഡഗ്ലസ് ഏഞ്ചൽ
കണ്ടുപിടിച്ചത്.

ന്. ആശയവിനിമയത്തിന്  തപാൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്.

കല

## ് ഫ്രെസ്കോ

തിന്റെ പ്രത്യേകത എന്താണെന്നറിയാമോ?
ഫ്രസ്കോ പെയിന്റിങ്ങ്.
തലങ്ങളിൽ പ്രകൃതിയിൽ നിന്നെടുക്കുന്ന
ച്ച് വരയ്ക്കുന്നതിനെയാണ് ഫ്രെസ്കോ ചിത്ര
യുന്നത്.



## ഴുതൂ;

## പോസ്റ്റ് ചെയ്യൂ



ണന്നത് കമ്പ്യൂ

ൗസ് കണ്ടുപിടി
ബാർട്ട് ആണ്

സമ്മാനച്ചോദ്യം

# തുറന്നു പറയൂ

ഇന്ന് ലോകത്ത് അവശേഷിച്ചിട്ടുള്ള മഴക്കാടുകളുടെ പകുതിയും ആമസോണിലാണ്. ഉഷ്ണമേഖലാ മഴക്കാടുകളിലെ ഏറ്റവും ജൈവവൈവിധ്യമേറിയതും വലുതുമായ മഴക്കാടും ഇതുതന്നെയാണ്.




ഇന്നീ മഴക്കാടുകളുടെ സ്ഥിതിയെന്താണ്?

ആമസോൺ കാടുകൾ മനുഷ്യപ്രയത്നം മൂലം പഴയപടിയാവുമോ?

കാട് കത്തിയെരിഞ്ഞതിനെപ്പറ്റി എന്തു പറയുന്നു?

നിങ്ങൾക്കു പറയാനുള്ളത് യുറീക്കയെ അറിയിക്കൂ. പ്രതിഷേധവും പ്രതികരണവും എഴുതൂ. മികച്ച കുറിപ്പുകൾക്ക് സമ്മാനം.

ഞാറ്റടി



# പ്രകൃതിദുരന്തത്തിൽ നമ്മുടെ ഉള്ളിൽ സംഭവിക്കേണ്ടത്


മരിച്ചവരല്ല, മരിക്കാത്തവരാണ് മരണത്തെ അടയാളപ്പെടുത്തുന്നത്. അകം വെന്തു നീറുമ്പോഴും മരണത്തിന്റെ മരവിപ്പിക്കുന്ന തണുപ്പ് അവരറിയുന്നു. പ്രളയം നമ്മളെ ആ മരവിപ്പ് അനുഭവിപ്പിച്ചതാണ്. ആ തണുത്ത അനുഭവത്തിന്റെ പൊള്ളൽ നിരഞ്ജനയുടെ കവിത (മരണം) യിൽ നമുക്കും അനുഭവിക്കാം. പ്രളയം കഴിഞ്ഞ ശേഷം കിട്ടിയ പല കവിതകളിലും പ്രകൃതിയെ നശിപ്പിച്ചതിന്റെ ചിത്രമാണ് കണ്ടത്. അമ്മയായ പ്രകൃതിയെ നോവിച്ച മക്കൾക്ക് പ്രകൃതി ദുരന്തം വിതച്ചു. അത്ര തന്നെ! എളുപ്പം കുറിച്ചിടാവുന്ന വാക്കുകൾ. സ്വന്തം വികാരമില്ല; നിലപാടില്ല, അനുഭവവും ഇല്ല. എന്തുകൊണ്ടാണ് അൽപ്പം മുമ്പുവരെ നമ്മളെപ്പോലെ കളിതമാശ പറഞ്ഞ് കൂടെ ഉണ്ടായിരുന്നവർ പെട്ടെന്ന് ഇല്ലാതാവുന്നത് നമ്മുടെ മനസ്സിനെ സ്പർശിക്കാത്തത്? കൂടെ കിടന്നുറങ്ങിയ സ്വന്തം കുഞ്ഞിന്റെ, അച്ഛന്റെ, അമ്മയുടെ മൃതദേഹം പോലും കാണാനാവാതെ നൊന്തുരുകുന്ന മനസ്സ് കാണാതെ പോകുന്നത്? കളിപ്പാട്ടം നഷ്ടപ്പെട്ട, പാഠപുസ്തകം നഷ്ടപ്പെട്ട നിങ്ങളുടെ കൂട്ടുകാരുടെ സങ്കടം നിങ്ങളറിയാത്തത്? അനുഭവങ്ങളാവണം കവിത, അല്ലെങ്കിൽ കഥ. വെറും കാഴ്ചകളല്ല എന്ന് ഇതിനു മുമ്പും എഴുതിയിരുന്നല്ലോ!

അമാനയുടെ 'ഒരു തുള്ളി സ്വപ്നം' വെറും കാഴ്ചയിൽ നിന്ന് അധികമൊന്നും ഉയരാത്തത് അനുഭവിച്ച് എഴുതാത്തതുകൊണ്ടാണ് എന്നു പറയുന്നത് കുറ്റമായിട്ടല്ല. കുറവു നികത്താനാണ്.

പ്രളയത്തിനു മുമ്പുള്ള വേനൽ എങ്ങനെയായിരുന്നു? പറയാൻ ഒത്തിരിയുണ്ട്, വേനൽ തന്ന ചൂടിനെപ്പറ്റി. ഒരു മഴ വന്നെങ്കിൽ എന്നാഗ്രഹിച്ചു, നമ്മൾ. ഫസ്മിന അൽപ്പം കലിപ്പിലാണ്. ആ കലിപ്പ് ആണ് 'വേനൽമഴ'യെന്ന കവിത. എവിടെയെങ്കിലുമിരുന്ന് സ്വന്തം സങ്കടമെങ്കിലും തീർത്തുകൂടെ എന്നു ചോദിക്കുന്നിടത്ത് കവിയുടെ കലിപ്പ് സമൂഹത്തിന്റെ ശാസനയായി മാറുന്നു. ഫസ്മിനയുടെ കവിത 'ഞാറ്റടി' യിലേക്ക് അയച്ചു തന്നത് അവളുടേയും നമ്മുടെയും കൂട്ടുകാരി അസ്മിൻ നൈലയാണ്. അസ്മിന്റെ വലിയ മനസ്സിനെ നമിക്കുന്നു. ആദരിക്കുന്നു.

അൻസു ആർ പ്രതാപിന്റെ രചനയെ (അധ്യാപകർ) ഈ വർഷത്തെ അധ്യാപകദിനത്തിന് സമർപ്പിക്കുന്നു. പഠനാനുഭവങ്ങളെ കുറെക്കൂടി ഹൃദയത്തോട് ചേർത്തുവച്ച് എഴുതിയിരുന്നെങ്കിൽ എന്നു തോന്നിപ്പോയി.

**സഹചാരി**



ചിത്രീകരണം:
**നന്ദന ആർ,** 2 ബി,
എ എം എൽ പി എസ്,
കുറ്റിപ്പള്ളം, പാലക്കാട്.

# അധ്യാപകർ

**അൻസു ആർ പ്രതാപ്,** 7 എ, ജി എച്ച് എസ് പട്ടഞ്ചേരി, പാലക്കാട്




ചിത്രീകരണം: **ധര ജി കെ,** 8 എഫ്, ജി എച്ച് എസ് എസ്, പാല, കണ്ണൂർ

ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിൽ
മലയാണ്മയുടെ മധുരം നുകരുമ്പോൾ
പൂമുഖത്ത് ഗണിതത്തിന്റെ ടീച്ചറെത്തി.
കണിശമായ ക്ലാസ്സിന്റെ അച്ചടക്കം.
പിന്നെ ശാസ്ത്രത്തിന്റെ ടീച്ചർ.
ഞങ്ങൾ ആസിഡിൽ അലിഞ്ഞു.
ഹിന്ദിട്ടീച്ചർ വന്നപ്പോൾ മനസ്സ്
ചാനലുകളുടെ ഒച്ചയിലും പാട്ടുകളുടെ ചുവടുവെയ്പുകളിലും.
എരിവും പുളിയും കയ്പും മധുരവും നിറഞ്ഞതാവുന്നു, ഓരോ ക്ലാസ്സും.
മനസ്സ്' ത്രുവലായി അധ്യാപകരെ തൊടുമ്പോൾ,
പൊള്ളുന്നില്ല, കരിയുന്നില്ല.
പകരം, അഗ്നിച്ചിറകുകളായി കരുത്ത് നേടുകയാണ്.

# മരണം

**നിരഞ്ജന,** കാസറഗോഡ്


മരണത്തിനു തണുപ്പാണത്രെ!
ഭൂമിയുടെ പൊള്ളലാറ്റാനുള്ള തണുപ്പ്
അഗ്നിയുടെ ദാഹം തീർക്കാനുള്ള തണുപ്പ്
മണ്ണുമാന്തിയന്ത്രം തുമ്പിക്കൈയിലേറ്റിയ
ശവക്കുനകൾ തണുത്തുറഞ്ഞതാണത്രെ!
വായു വാങ്ങാൻ പണമില്ലാത്ത
'തെണ്ടി'ക്കുഞ്ഞുങ്ങളും മരവിച്ചിരുന്നുപോലും!
ചെറ്റക്കുടിലിനു മുന്നിൽ കിടന്നവനും
മാളികയിൽ പൂക്കൾ വിരിച്ചു കിടന്നവനും
തണുത്തുവിറച്ചിരുന്നത്രെ!
കണ്ണടഞ്ഞവരും 'കണ്ണടക്കേണ്ടി'വന്നവരും
മഞ്ഞുപോലുറഞ്ഞിരുന്നത്രെ!



ചിത്രീകരണം: **ധര ജി കെ**

ഖബറിലും ശ്മശാനത്തിലും സെമിത്തേരിയിലും
വിറ മാറാതെ ഉറങ്ങുകയാണത്രെ, അവർ!
എന്തേ മരണത്തിനിത്ര തണുപ്പ്?
ഇന്നലെ  മരണത്തെ കണ്ടു.
'താനെന്താടോ ഇത്ര തണുത്തുപോയത്? '
മരണം അടുത്തേക്കു വന്നെന്റെ
കൈകളിൽ തൊട്ടു...
ഇല്ല, മരണത്തിനു
കുളിരുകോരും തണുപ്പില്ല!
ചൂടാണ്...!
എരിഞ്ഞുകൊണ്ടിരിക്കും
കനലിന്റെ ചുവന്ന ചൂട്...!


ഗ്രഹണം
വന്നു വിളിക്കുന്നു
അണിചേരാം
നിറകൗതുകമോടെ...




2019 ഡിസംബർ 26 ന്
ഒരുഗ്രൻ കാഴ്ച കാണാനുണ്ട്.
എന്താണെന്നോ?
വലയ സൂര്യഗ്രഹണം.
നമുക്കും കാണണം ആ കാഴ്ച..
കണ്ടാൽ മാത്രം പോര.
അറിയണം.. കൂടുതലറിയണം.

ഒരുങ്ങിക്കോളൂ...
യുറീക്ക നിങ്ങളോടൊപ്പമുണ്ട്.
ഡിസംബർ ഒന്നാം ലക്കം യുറീക്ക
പ്രത്യേക പതിപ്പാണ് കേട്ടോ.
സൂര്യഗ്രഹണത്തെക്കുറിച്ച്
ഒത്തിരിയൊത്തിരി വിവരങ്ങളുമായ്
സ്പെഷൽ യുറീക്ക

# വേനൽമഴ

**ഫസ്മിന,** കിഴക്കേപറമ്പിൽ, പെരിഞ്ചോളം, മണ്ണാർക്കാട്, പാലക്കാട്



കത്തിജ്വലിക്കുന്ന സൂര്യനാളങ്ങളിൽ
എരിഞ്ഞമർന്ന മരങ്ങൾ; പുൽനാമ്പുകൾ...
എവിടെയോ മറഞ്ഞ കുഞ്ഞു മനസ്സുകളുടെ
ഇരുണ്ട മുറിയിൽ  അൽപം തണുപ്പ് പകരാൻ
നിനക്കെന്തേ ഇത്ര വിഷമം?
തളർന്നു പോയ ജീവൽനാമ്പുകൾ
പൂത്ത് തളിർക്കുന്നതിൽ
എന്തേ നിനക്കിത്ര എതിർപ്പ്?
ഇവിടെയെവിടെയെങ്കിലുമിരുന്ന്,
കരഞ്ഞു നിന്റെ സങ്കടം തീർക്കാൻ
നിനക്കെന്തായിത്ര മടി?

ചിത്രീകരണം: **അരുൺ കൃഷ്ണൻ ആർ,** 2 എ, ഗവൺമെന്റ് എൽ പി സ്കൂൾ, നോമ്പിക്കോട്, എലപ്പുള്ളി, പാലക്കാട്.

# ഒരു തുള്ളി സ്വപ്നം

**അമാന ടി.വി,** 7 ഇ, സ്വാമിനാഥ വിദ്യാലയം (ഡയറ്റ് ലാബ് സ്കൂൾ), ആനക്കര, പാലക്കാട് – 679 551

ഉണ്ണി നോക്കി നിന്നു. ശങ്കുണ്ണിയാരുടെ മുറ്റത്തെ വലിയ മാവ് മുറിക്കുകയാണ്. അവധിക്കാലത്ത് ഊഞ്ഞാലുകെട്ടാൻ ചില്ലകൾ നീട്ടിത്തരുന്ന മാവാണ്. വിശപ്പാറ്റാൻ മധുരുള്ള മാമ്പഴങ്ങളും.

സങ്കടത്തോടെ ഉണ്ണി നടന്നു. വീട്ടിൽ വന്നപ്പോൾ കിണറ്റിൽ ഒരു തുള്ളി വെള്ളമില്ല എന്ന് അമ്മയുടെ പരാതി. എവിടെയും വെള്ളമില്ല.

ചൂട് കൂടിക്കൊണ്ടിരിക്കുന്നു. തൊണ്ട വരണ്ടു. ഒരു തുള്ളി വെള്ളം കിട്ടിയിരുന്നെങ്കിൽ..!

ഉണ്ണി വെള്ളത്തിനായി ഉറക്കെ നിലവിളിച്ചു.

'ഉണ്ണീ..'

അമ്മയുടെ വിളി കേട്ട് ഞെട്ടിയുണർന്നു. മരണത്തിൽ നിന്ന് രക്ഷപ്പെട്ടതു പോലെ ഉണ്ണി ശ്വാസം വലിച്ചെടുത്തു.

പുറത്തു വന്നപ്പോൾ ആരോ പൈപ്പ് തുറന്നിട്ടിരിക്കുന്നു. വെള്ളം ഒഴുകിപ്പോകുകയാണ്. ഉണ്ണി വേഗം പൈപ്പ് പൂട്ടി.



ചിത്രീകരണം: **അലൻ എസ് രാമദാസ്,** 7, സ്പ്രിങ് വാലി സ്കൂൾ, കോഴിക്കോട്.



# അമ്മമണമുള്ള കനിവുകൾ

**ഇ. എൻ. ഷീജ**
ചിത്രീകരണം: പ്രശാന്തൻ മുരിങ്ങേരി

## പനിച്ചൂട്

കനിയുടെ കണ്ണുകളിൽ ക്ഷീണം തളം കെട്ടി നിൽക്കുന്നുണ്ട്. രാത്രി ഒട്ടും ഉറങ്ങിയിട്ടില്ല. ആ സ്വപ്നം അവളെ വല്ലാതെ ഉലച്ചിരിക്കുന്നു. ഹോ.. എന്തൊരു സ്വപ്നമായിരുന്നു അത്. വാവയേയും കൊണ്ട് ഉയർന്നുയർന്നു പോകുന്ന വീട്. ആ രംഗം ആലോചിക്കുമ്പോഴേ ദേഹം വിറയ്ക്കുന്നു. കനി ഉറക്കെ കരഞ്ഞുന്നാണ് അമ്മ പറഞ്ഞത്. എത്ര മഴയായാലും രാവിലെ വാവയെ കാണാൻ പോകണമെന്ന് പറഞ്ഞപ്പോ അമ്മ വേഗം സമ്മതിച്ചത് അതുകൊണ്ടുതന്നെയാവും.

നേരം പുലർന്നപ്പോൾ കാറ്റിനും മഴയ്ക്കും അൽപ്പം കുറവുണ്ട്. വിശ്രമിക്കുകയാവും. രാത്രി മുഴുവൻ തകർത്താടിയതിന്റെ ക്ഷീണം തീർക്കണ്ടേ. മേഘങ്ങൾക്കിടയിൽ നിന്ന് സൂര്യൻ മെല്ലെ എത്തിനോക്കുന്നുണ്ട്. നാണിച്ച നാണിച്ചൊരു നോട്ടം.

ചായ പോലും കുടിക്കാതെ വാവയെക്കാണാൻ ഇറങ്ങിയതായിരുന്നു. അപ്പോഴേക്കും ഇളംകാറ്റ് വന്നത് നന്നായി. നീലവീട് അവിടെത്തന്നെയുണ്ടല്ലോ എന്ന് കാറ്റ് പറഞ്ഞപ്പോഴാണ് സമാധാനമായത്. എന്തായാലും ഇപ്പോൾ തന്നെ ഞാവൽച്ചോട്ടിൽ പോകണം. വാവയെ കാണാൻ കൊതിയാവുന്നു.

മുറ്റത്തും തൊടിയിലുമൊക്കെ നിറയെ വെള്ളമാണ്. വെള്ളം തട്ടിത്തെറിപ്പിച്ച കൊണ്ട് കനി നടന്നു. മഴയും കാറ്റും കാട്ടിക്കൂട്ടിയ വികൃതികളുടെ അടയാളങ്ങളാണ് ചുറ്റും. കനിയുടെ കളിവീട് തകർന്നു തരിപ്പണമായിക്കിടക്കുന്നു. ഈന്തിൻ പട്ടകളൊക്കെ പറന്ന് പറന്ന് ദൂരെയെത്തിയിരിക്കുന്നു.

ഓ.. അമ്മയുടെ പ്രിയപ്പെട്ട വാഴകളതാ നിലംപൊത്തിക്കിടക്കുന്നു. വീടിനോടു ചേർന്ന കുഞ്ഞുപറമ്പിൽ അമ്മ പലതും വെച്ചുപിടിപ്പിച്ചിട്ടുണ്ട്. “എന്റെ കുഞ്ഞിക്കിളിക്ക് ഇഷ്ടം പോലെ പഴം തിന്നാൻ വേണ്ടീട്ടല്ലേ..” ന്നും പറഞ്ഞ് നട്ടുണ്ടാക്കിയ വാഴകളാണ്. കനിയെ തലയാട്ടി വിളിക്കാറുള്ള വാഴയിലകൾ. ഇപ്പോഴിതാ അനക്കമില്ലാതെ.. തലതാഴ്ത്തിക്കിടക്കുന്നു. കനിക്ക് സങ്കടം വന്നു.

ചെമ്പരത്തിച്ചെടിക്കും നിവർന്നു നിൽക്കാനാവുന്നില്ല. ചൊകചൊകന്ന പൂക്കളും കരിംപച്ച ഇലകളും കാട്ടി കനിയെ കൊതിപ്പിച്ചങ്ങനെ നിൽക്കാറുള്ളതാണ് എന്നും. ആ നിറക്കൂട്ടുകൾക്ക് എന്തൊരു ചന്തമാണ്. ചെമ്പരത്തിച്ചെടിയിലെ നിത്യസന്ദർശകരായ രണ്ട് അടയ്ക്കാ കുരുവികളുണ്ട്. ഇന്നെന്തോ അവരെ കാണാനില്ല.

തൊട്ടാവാടിച്ചെടികൾ ഇനിയും ഉറക്കമുണർന്നിട്ടില്ല. കനി അവരെ ശല്യപ്പെടുത്താതെ നടന്നു. ചേമ്പിലകളുടെയൊരു കാര്യം.. വെള്ളത്തുള്ളികളെ അമ്മാനമാടിക്കളിക്ക

കയാണ്. അവരോടൊപ്പം കളിക്കണമെന്നൊക്കെയുണ്ട്. പക്ഷേ, ഇപ്പോൾ സമയമില്ല.

യ്യോ.. ഇപ്പോൾ വീണേനേ. ഒരു വേരു തടഞ്ഞതാണ്. തിരക്കിട്ട് നടക്കുന്നതിനിടയിൽ ശ്രദ്ധിച്ചില്ല. താഴെ നോക്കി നടക്കണം എന്ന് അമ്മ എപ്പോഴും പറയാറുള്ളതാണ്. വീഴാൻ പോയപ്പോൾ ചെരിപ്പ് ഊരിത്തെറിച്ചും പോയി. കനി ചെരിപ്പിടാനായി തിരിഞ്ഞു നിന്നു.

ശ്ശൊ.. ഈ ഉറുമ്പുകളുടെയൊരു കാര്യം."



കനി കാലിൽ കയറിയ ഉറുമ്പുകളെ തട്ടിക്കളഞ്ഞു. അയ്യോ.. കുറേ ഉറുമ്പുകളതാ വെള്ളത്തിൽ കൈകാലിട്ടടിക്കുന്നു. പാവങ്ങൾ.. കനിയോടക്കാര്യം പറയാൻ വേണ്ടിയാവും മറ്റുറുമ്പുകൾ കാലിൽക്കയറിയത്. കനി കുനിഞ്ഞിരുന്ന് ഒരു വലിയ ഇലയെടുത്ത് വെള്ളത്തിലേക്ക് വച്ചു. ഉറുമ്പുകൾ തിക്കിത്തിരക്കി ഇലയിൽ പിടിച്ചു കയറി. ചിലരെ കനി പിടിച്ചു കയറ്റി. കരയിലെത്തിയിട്ടും പേടിമാറാതെ ചിലർ കനിയുടെ കയ്യിലേക്ക് പാഞ്ഞു കയറി.

"പേടിക്കേണ്ട.. ഞാനില്ലേ.." കനി അവരോട് മന്ത്രിച്ചു. ഉറുമ്പുകളെ പതുക്കെ താഴെയിറക്കി. മെല്ലെയെഴുന്നേറ്റു. കൈത്തണ്ടയിൽ നേർത്തൊരു വേദന. ഒരു കുഞ്ഞുറുമ്പ് അവിടെ അള്ളിപ്പിടിച്ചിരിക്കുന്നു.

"ഇനി വെള്ളമില്യാത്ത എവിടേങ്കിലും നോക്കി നിന്നോളണം ട്ടോ. ഞാൻ പോട്ടെ.. ന്റെ അനിയത്തിക്കുട്ട്യേ കാണണം."

ഉറുമ്പുകളോട് യാത്ര പറഞ്ഞ് കനി മുന്നോട്ടോടി.

ഹാവൂ.. നീലവീട് അവിടെത്തന്നെയുണ്ട്. കനിക്ക് ആശ്വാസമായി. ഞാവൽമരത്തിനടുത്ത് ആരേയും കാണുന്നില്ലല്ലോ.

"കനീ.. വാവയ്ക്ക് തീരെ വയ്യ.. നല്ല പനി.." ഞാവൽ സങ്കടത്തോടെ പറഞ്ഞു.

"അയ്യോ.." കനി നീലവീടിനകത്തേക്ക് ഓടിക്കയറി. അമ്മയുടെ മടിയിൽ തളർന്നു കിടക്കുകയാണ് വാവ.

"അമ്മേ.." കനി അമ്മയോട് ചേർന്നു നിന്നു. അമ്മ സങ്കടത്തോടെ കനിയെ നോക്കി. ആ കണ്ണുകൾ നിറഞ്ഞിരുന്നു.

"സാരല്ല്യ.. പനിയല്ലേ.. എളുപ്പം മാറും." കനി അമ്മയുടെ കണ്ണുകൾ തുടച്ചു. അവൾ വാവയുടെ ദേഹത്ത് തൊട്ടു നോക്കി. തീ പോലുള്ള പനി.

"വാവേ.. വാവേ.. നോക്ക്യേ.. ചേച്ച്യേ നോക്ക്യേ.." കനി വിളിച്ചു. വാവ പതുക്കെ കണ്ണുതുറന്നു കനിയെ നോക്കി. ഒരു തളർന്ന നോട്ടം. അവളുടെ മുഖത്ത് ഒരു ചെറുചിരി പരന്നു. കനി വാവയുടെ കൈ പിടിച്ച് പതുക്കെ

തലോടി.

അമ്മ തുണി നനച്ച് വാവയുടെ ദേഹം തുടയ്ക്കാൻ തുടങ്ങി.

"അമ്മേ.. വാവയെ ഡോക്ടറെ കാണിക്കണ്ടേ?" കനിയുടെ ചോദ്യം കേട്ട് അമ്മ തല കുലുക്കി. ചിരിക്കാൻ ശ്രമിച്ചു.

"ഞാനിപ്പോ വരാം.." കനി എഴുന്നേറ്റ് ഞാവൽ ച്ചോട്ടിലേക്ക് നടന്നു. തത്ത അവിടെയുണ്ട്. നന്നായി. കനി തത്തയുടെ ചെവിയിൽ എന്തോ പറഞ്ഞു. തത്ത തലകുലുക്കി പറന്നകന്നു.

"കനീ.." ഇളംകാറ്റ് പതുക്കെ വിളിച്ചു. വാവയ്ക്ക് തണുക്കമെന്ന് കരുതി ഞാനങ്ങോട്ട് വരാതിരുന്നതാണേ.." കനി മൂളി.



അൽപ്പസമയത്തിനുള്ളിൽ തത്ത തിരിച്ചെത്തി. കൂടെ മറ്റു രണ്ടു തത്തകളുമുണ്ട്. എല്ലാവരും ചുണ്ടിൽ ഇലകൾ കൊത്തിപ്പിടിച്ചിരിക്കുന്നു. കനി കൈനീട്ടി. അവർ ഇലകൾ അവളുടെ കയ്യിലേക്ക് വച്ചു കൊടുത്തു. കനി മുന്നോട്ടു നടന്നു.

"തുളസിയിലയും പനിക്കൂർക്കയുമാണ്." കനി ഇലകൾ അമ്മയുടെ മുന്നിൽ വച്ചു. അമ്മ അത് കയ്യിലിട്ട് തിരുമ്മി നീര് വാവയുടെ വായിൽ ഉറ്റിച്ചു കൊടുത്തു.

കുറേനേരം കഴിഞ്ഞപ്പോൾ കനി എഴുന്നേറ്റു. വാവയെ വിട്ടുപോരാൻ ഒട്ടും മനസ്സുണ്ടായിട്ടല്ല. പക്ഷേ, അമ്മ കാത്തിരിക്കും. പോവാതെ വയ്യ. തയ്ച്ചുവച്ച ഉടുപ്പുകളൊക്കെ വൃത്തിയായി മടക്കിവയ്ക്കുന്നത് കനിയാണ്.

"വാവേ.. ചേച്ചി നാളെ വരാംട്ടോ.. പനി വേഗം മാറും." അവൾ കുഞ്ഞിക്കാലുകളിൽ ഉമ്മ വെച്ചു. അമ്മയുടെ കൈ പിടിച്ച് യാത്ര പറഞ്ഞിറങ്ങി.

വീട്ടിലെത്തിയിട്ടും കനിയുടെ മുഖം തെളിഞ്ഞില്ല. ജലദോഷപ്പനിയാവും, തണുപ്പടിച്ചിട്ടാവും, എന്നൊക്കെ അമ്മ സമാധാനിപ്പിച്ചിട്ടും അവളുടെ മുഖം തെളിഞ്ഞില്ല.

നേരം ഇരുട്ടിത്തുടങ്ങിയിരിക്കുന്നു. അമ്മ തിരക്കിട്ട് തയ്ക്കുകയാണ്. തയ്യൽ മെഷീൻ താളത്തിൽ ശബ്ദിക്കുന്നുണ്ട്. കിളികളൊക്കെ എന്തു തിടുക്കത്തിലാണ് കൂട്ടിലേക്കു മടങ്ങുന്നത്. കൂട്ടിൽ നിന്നും പുറത്തേക്കു നീളുന്ന കുഞ്ഞിക്കണ്ണുകളായിരിക്കും അവരുടെ മനസ്സു നിറയെ. വെളിച്ചത്തിന്റെ വിടവുകളിലേക്കൊക്കെയും ഇരുട്ട് നുഴഞ്ഞു കയറുകയാണ്. കൂടെ അരിച്ചരിച്ചെത്തുന്നുണ്ട് തണുപ്പും.

വാവയുടെ പനി മാറില്ലേ.. കനിയുടെ മനസ്സിൽ ആശങ്ക നിറഞ്ഞു.

(തുടരും)

# വട്ട് പത്തിരി



**ഭാരതി കെ കെ**

ചിത്രീകരണം: രാജീവ് എൻ ടി

ടീച്ചർ ബോർഡിൽ വൃത്തങ്ങൾ വരച്ചു. ഞാണും ആരവും വൃത്തകേന്ദ്രവും അടയാളപ്പെടുത്തി. ഓരോന്നും വിശദീകരിച്ചുകൊണ്ടിരുന്നു.

വൃത്തങ്ങൾ അവനെ ഒട്ടും വെളിച്ചമില്ലാത്ത അടുക്കളയിലേക്കോടിച്ചുവിട്ടു. പിന്നെ ഇടുങ്ങിയ ഇടനാഴിയിലെ ആ കാലിളകിയ പഴഞ്ചൻ മേശയിലേക്കും!

വട്ട് പത്തിരികൾ...

നല്ല ജീരകത്തിന്റെ മണമുള്ളത്.

വറുത്തരച്ച നാടൻ കോഴിക്കറി...



വിശപ്പെന്ന വൃത്തം ഒരിക്കലും പൂർത്തിയായിട്ടില്ലവന്! വായടയാത്ത ഒരു വൃത്തമാണത്. ഉമ്മയുടെ അരികുപറ്റി നൽക്കുമ്പോഴൊക്കെ ഉയർന്നുതാഴുന്ന വയറിന്റെ ഒരു ചുട്ടപത്തിരി.

ഇന്നുമാത്രം പകലും രാവും നോമ്പാവുല...

നോട്ടുപുസ്തകത്തിന്റെ ഒഴിഞ്ഞ താളിലിപ്പോൾ വൃത്തങ്ങളില്ല...

എല്ലാം പത്തിരികൾ!! കറിതൊടാത്തവ.

കുണ്ടൻ പാത്രം നിറച്ച് കറി.

മുന്നിൽ മേശപ്പുറം നിറച്ചുവെച്ച് നീട്ടിവിളിക്കുന്ന ഉമ്മ...



# മിങ്കുവിനൊപ്പം പോവേണം മിങ്കുവിനൊപ്പം കൂടേണം



സുജിൽ ജി

ചിത്രീകരണം: പ്രിൻസ്




ഓടിച്ചാടി നടക്കുന്ന ഒരെലിക്കുട്ടിയാണ് മിങ്കു.
ഒരു ദിവസം മിങ്കു എന്തെല്ലാം ചെയ്യുന്നുണ്ടെന്നോ?
**നിങ്ങൾ ഒരു ദിവസം എന്തെല്ലാം ചെയ്യും?**
മിങ്കുവിനൊപ്പം കൂടിക്കോളൂ. ഇടയ്ക്കിടയ്ക്ക്
സഹായിക്കുകയും വേണം.

എങ്ങോട്ടാണ് മിങ്കു പോവുന്നത്?
എന്തെല്ലാമാണ് മിങ്കുവിന് വേണ്ടത്?
മിങ്കുവിനൊപ്പം പോയിട്ട്
മിങ്കുവിനൊപ്പം കൂടീട്ട്
**വിരലുകൊണ്ട് തൊട്ടിട്ട്**
വേണ്ടതോരോന്നായ് പറഞ്ഞോളൂ








*മിങ്കുവിനൊപ്പം പോവേണം*
*മിങ്കുവിനൊപ്പം കൂടേണം*


മിങ്കു എവിടെയാണ്? പറയാമോ?
വീട്ടിലേക്ക് കൊണ്ടുപോവാനായി
മിങ്കുവിന് ഒരു പലഹാരം വേണം.
തൊട്ടുകാണിച്ച് അത് കുട്ടയിലിടാൻ
പറഞ്ഞോളൂ.





*മിങ്കുവിനൊപ്പം പോവേണം*
*മിങ്കുവിനൊപ്പം കൂടേണം*

മിങ്കുവിന് പലഹാരവുമായി വേഗം
വീട്ടിലെത്തണം. വേഗത്തിലെത്താൻ
കള്ളിയിൽ നിന്ന് ഏത് എടുക്കും?
ഒന്ന് തൊട്ടുകാണിച്ച് അത്
**കാലിലിടാൻ** പറഞ്ഞോളൂ.



*മിങ്കുവിനൊപ്പം പോവേണം*
*മിങ്കുവിനൊപ്പം കൂടേണം*

വീട്ടിലെത്തിയപ്പോൾ വല്ലാത്ത ദാഹം.
കൈയിലെ വെള്ളം തീർന്നു.
എന്തു കുടിക്കും?
കള്ളികളിൽ നിന്ന് ഒന്ന് തൊട്ടുകാണിച്ച്
**കുടിക്കാൻ** പറഞ്ഞോളൂ.




*മിങ്കുവിനൊപ്പം പോവേണം*
*മിങ്കുവിനൊപ്പം കൂടേണം*






ദാഹം മാറിയപ്പോൾ ക്ഷീണം മാറി. ഇനി
കളിക്കാം. കളിക്കാനായി ഓടുമ്പോഴാണ്
എന്തോ ഒന്ന് കാണാതായത്.
എന്തായിരിക്കും അത്? തൊട്ടുകാണിച്ച്
അത് **ഇട്ടോളാൻ** പറയൂ.









*മിങ്കുവിനൊപ്പം പോവേണം*
*മിങ്കുവിനൊപ്പം കൂടേണം*

കളിസ്ഥലത്തു നിന്നും ഒരു വണ്ടി കിട്ടി.
അതോടിക്കാൻ നോക്കുമ്പോൾ രണ്ടു
ചിറകുള്ള കൂട്ടുകാർ അതാ ഓടി വരുന്നു.
ഞങ്ങളേയും കൂട്ടണം. അവർ പറഞ്ഞു.
ആ കൂട്ടുകാരെ തൊട്ടുകാണിക്കൂ.

വണ്ടിയിൽ **കയറാൻ**
പറഞ്ഞോളൂ.







*മിങ്കുവിനൊപ്പം പോവേണം*
*മിങ്കുവിനൊപ്പം കൂടേണം*

ആഹാരമെല്ലാം കഴിച്ച്
മിങ്കു ഉറങ്ങാൻ പോവുകയാണ്.
ഉറങ്ങുന്നതിനു മുമ്പ് ഒരു കഥ
വായിക്കണം. അതിന്, കള്ളിയിൽ
നിന്നും ഏത് തെരഞ്ഞെടുക്കും?
തൊട്ടുകാട്ടൂ... മിങ്കുവിനോട്

**കഥ വായിക്കാൻ**
പറഞ്ഞോളൂ.





*മിങ്കുവിനൊപ്പം പോവേണം*
*മിങ്കുവിനൊപ്പം കൂടേണം*

മിങ്കു മാത്രമല്ല
ഒരു കഥ കേട്ട്
നിങ്ങളും
ഉറങ്ങിക്കോളൂ...

കണ്ണടച്ച്
ഉറങ്ങിക്കോളൂ...





**മിങ്കുവിനൊപ്പം
ഉറങ്ങീട്ട്
മിങ്കുവിനൊപ്പം
ഉണർന്നോളൂ**

ഓർമ യുറീക്ക@50

യുറീക്ക പ്രസിദ്ധീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചു. പിന്നിട്ട വർഷങ്ങളിലെ ചില മികച്ച രചനകൾ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് ഈ സന്തോഷവേളയിൽ. 2001 സെപ്റ്റംബറിലെ ഒരു രചനയാണ് ഈ ലക്കത്തിൽ.

# മങ്കിസ്കോപ്പ്

**സി.ജി.ശാന്തകുമാർ**

ചിത്രീകരണം: അനിൽ തമ്പായ്

"മരത്തിൽനിന്നും താഴെയിറങ്ങരുതെന്നാ അമ്മ പറഞ്ഞിരിക്കുന്നത്." നിലത്തിറങ്ങി ഓടികളിക്കാൻ പുറപ്പെടുന്ന അനുജന് ഏട്ടൻ മുന്നറിയിപ്പു നൽകി.

"എന്താ നിലത്തിറങ്ങിയാൽ?"


"പാറയിലെ ഗുഹയിൽ കരടിയുണ്ട്. അവന്റെ കണ്ണിൽ പെട്ടാൽ ഒറ്റയടിക്കു നമ്മളെ കൊന്നുകളയും."

"കരടി വരുമ്പോൾ നമുക്ക് ഓടി മരത്തിൽ കയറാം. നിലത്തിറങ്ങി നമുക്ക് തുമ്പിയെ പിടിക്കാം." അനിയന്റെ അഭിപ്രായം കേട്ട് ഏട്ടനും താഴെയിറങ്ങാൻ ആഗ്രഹം തോന്നി. അങ്ങേ കാട്ടിൽ പഴം ശേഖരിക്കാൻ പോയ അമ്മ വരുമ്പോഴേക്കും വൃക്ഷക്കൊമ്പിലുള്ള കൂട്ടിലെത്തിയാൽ മതി.

അവർ നിലത്തിറങ്ങി. പാറക്കെട്ടിനരികിലെ വൻവൃക്ഷത്തിൽ താമസിക്കുന്ന രണ്ടു കുട്ടിക്കുരങ്ങന്മാരാണ് സുമുഖനും ദുർമുഖനും. നിലത്തിറങ്ങി കുറ്റിക്കാടുകളിൽ ഓടിക്കളിക്കാനും തുമ്പികളെ പിടിക്കാനും കൊതിയുണ്ടെങ്കിലും തള്ളക്കുരങ്ങ് അവരെ ഒരിക്കലും അതിനനുവദിച്ചിരുന്നില്ല. അമ്മ പഴം ശേഖരിക്കാൻ പോയ തക്കം നോക്കി തങ്ങളുടെ മോഹം നിറവേറ്റാൻ അവർ തീരുമാനിച്ചു.

ജനിച്ചതിനുശേഷം ആദ്യമായി ഭൂമിയിലിറങ്ങിയ കുട്ടിക്കുരങ്ങന്മാർക്ക് തങ്ങൾ ഒരു വലിയ കാര്യം സാധിച്ച അഭിമാനം തോന്നി. കുറേ നേരം പാറ





ക്കരികിലെ കുറ്റിക്കാടുകളിൽ അവർ ഓടിനടന്നു. പൂക്കൾ പറിച്ച് വാസനിച്ചതിനുശേഷം പിച്ചിക്കീറി എറിഞ്ഞുകളഞ്ഞു. പലതരം തുമ്പികളുടെ പിറകെ ഓടി. ഒന്നിനേയും പിടിക്കാൻ പറ്റിയില്ല. അപ്പുറത്ത് കാട്ടരുവിയുണ്ട്. ഒരിക്കലും അവിടെ പോകരുതെന്ന് അമ്മ പലവട്ടം പറഞ്ഞിട്ടുള്ളതാണ്. അരുവിയിൽ വെള്ളം കുടിക്കാൻ എപ്പോഴും ദുഷ്ടമൃഗങ്ങൾ വരും. അവരുടെ കണ്ണിൽ പെട്ടാൽ തീർന്നതു തന്നെ.

"എന്തു കളിയാ നമ്മക്കു കളിക്കേണ്ടത്?" ദുർമുഖൻ ഏട്ടനോടു ചോദിച്ചു.

"നമുക്ക് ഒളിച്ചുകളിക്കാം. നീ ആദ്യം ഒളിക്ക്. ഞാൻ കണ്ടുപിടിക്കാം." സുമുഖൻ പറഞ്ഞു.

ഏട്ടന്റെ നിർദേശം കേട്ട ഉടൻ ദുർമുഖൻ ഒളിക്കാൻ പറ്റിയ ഇടം നോക്കി കുറ്റിക്കാട്ടിലൂടെ പാഞ്ഞു.

ഒളിച്ചിരിക്കുന്ന അനിയനേയും തേടി സുമുഖൻ നടന്നു. അന്വേഷിച്ചിടത്തൊന്നും അവന്റെ മണം പോലുമില്ല. "ഇവൻ ഏതു നരകത്തിൽ ഒളിച്ചിരിക്കുന്നു." എന്നു പിറുപിറുത്തുകൊണ്ട് നടക്കുമ്പോൾ കാലിൽ കറുപ്പു നിറമുള്ള ഒരു സാധനം തടഞ്ഞു. എന്തു കണ്ടാലും എടുത്തു പരിശോധിക്കുക സുമുഖന്റെ സ്വഭാവമായിരുന്നു. അവനതു പണിപ്പെട്ട് കയ്യിലെടുത്തു. തിരിച്ചും മറിച്ചും നോക്കി. കുഴലുപോലുള്ള ആ സാധനത്തിന്റെ രണ്ടു ഭാഗത്തും ഗ്ലാസുകളുണ്ടായിരുന്നു. വണ്ണം കൂടിയ ഭാഗത്ത് വലിയ ഗ്ലാസും വണ്ണം കുറഞ്ഞ ഭാഗത്ത് ചെറിയ ഗ്ലാസും. എത്ര ആലോചിച്ചിട്ടും എന്താണിതെന്നു പിടികിട്ടുന്നില്ല. സുമുഖൻ അതെടുത്തു മണത്തുനോക്കി. നക്കിനോക്കി. കടിച്ചുനോക്കി. പല്ലു പൊട്ടുന്ന കടുപ്പം. ഇത് തിന്നാൻ പറ്റിയതല്ല. അവൻ അതു വലിച്ചെറിയാൻ തീരുമാനിച്ചു. എറിഞ്ഞു കളയുന്നതിനു മുമ്പെ, സുമുഖൻ


## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി

### വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com

ആ സാധനം കണ്ണിനുനേരെ പിടിച്ച് ചെറിയ ഗ്ലാസിൽക്കൂടി ഒന്നു നോക്കി; അതിനകത്തെന്താണെന്നറിയാൻ. അപ്പോഴുണ്ട് തന്റെ മുന്നിൽ ഭയങ്കര വലിപ്പത്തിലുള്ള ഒരു ജന്തു വന്നു നിൽക്കുന്നു!



"അയ്യോ അമ്മേ കരടി." ഉപകരണത്തിൽ നിന്നും കണ്ണെടുത്ത സുമുഖൻ ഉറക്കെ നിലവിളിച്ചു. എന്തു വേണമെന്നറിയാത്ത അവൻ ബോധക്കേടിന്റെ വക്കിലെത്തി.

"എടാ പൊട്ടാ, ഇതു കരടിയല്ല. നിന്റെ അനിയൻ ദുർമുഖനാണ്." തൊട്ടടുത്ത് ഒരു മരക്കൊമ്പിലിരുന്ന് കുരങ്ങൻകുട്ടിയുടെ കളി ശ്രദ്ധിച്ചുകൊണ്ടിരുന്ന വയസ്സൻ മൂങ്ങ താഴെയിറങ്ങി. സുമുഖനെ ആശ്വസിപ്പിച്ചു.

കുറ്റിക്കാട്ടിൽ ഏറെ നേരം ഒളിച്ചിരുന്ന ദുർമുഖൻ ഏട്ടനെ കാണാഞ്ഞപ്പോൾ ഒളിച്ചിരിക്കൽ നിർത്തി മടങ്ങിവരികയായിരുന്നു. ഉപകരണത്തിൽക്കൂടി നോക്കിയപ്പോൾ സുമുഖൻ കണ്ടത് അനിയന്റെ രൂപമായിരുന്നു.

"ഇത് അനിയനൊന്നുമല്ല. അനിയന് ഇത്ര വലിപ്പമുണ്ടോ? മറ്റേതോ ജന്തുവാണ്. അതുണ്ട് എന്റെ അടുത്തു നിൽക്കുന്നു." സുമുഖൻ മൂങ്ങയോട് തർക്കിച്ചു.

സുമുഖന്റെ വെപ്രാളം കണ്ട് മൂങ്ങ ചിരിച്ചു.

"അത് ഒരു ബൈനോക്കുലറാണ്. ബൈനോക്കുലറിലൂടെ നോക്കിയാൽ അകലെയുള്ള വസ്തു അടുത്തായും വലുതായും കാണാം. നീ ഒന്നുകൂടി നോക്കിയേ. അതാ അനിയൻ വരുന്നു."

സുമുഖൻ മൂങ്ങയുടെ ഉപദേശം സ്വീകരിച്ചു. ശരിയാണ്, ആ ഉപകരണത്തിൽക്കൂടി നോക്കിയപ്പോൾ അനിയന് കരടിയുടെ വലിപ്പമുണ്ട്. അകലെ നിന്നും വരുന്ന ദുർമുഖൻ തന്റെ അടുത്താണെന്നും തോന്നി. ബൈനോക്കുലറിൽക്കൂടി അവൻ വയസ്സൻ മൂങ്ങയെ നോക്കി. "അമ്പമ്പോ, അപ്പൂപ്പന്റെ ഒരു വലുപ്പം."

ഭയം വിട്ടുമാറിയ സുമുഖൻ മൂങ്ങയോടു ചോദിച്ചു: "ബൈനോ... ഇവിടെ എങ്ങനെ വന്നു?" ബൈനോക്കുലർ എന്ന് കൂട്ടിപ്പറയാൻ അവന് അറിഞ്ഞുകൂടായിരുന്നു.

"ഏതെങ്കിലും സഞ്ചാരികളിൽ നിന്നും കളഞ്ഞുപോയതായിരിക്കും."

ഇതിനിടയിൽ ഒളിക്കാൻ പോയ ദുർമുഖനും വന്നെത്തി. സുമുഖൻ അനിയനെ ബൈനോക്കുലറിൽക്കൂടി നോക്കാൻ പഠിപ്പിച്ചു. മൂങ്ങ പറഞ്ഞതു ശരിയാണ്. അകലെയുള്ള പാറയും അരുവിയുമൊക്കെ അടുത്തെന്നതുപോലെ കാണാം. അനിയനിൽനിന്നും ബൈനോക്കുലർ തിരിച്ചുവാങ്ങി സുമുഖൻ അങ്ങേക്കാട്ടിലേക്കു നോക്കി.

"അയ്യോ ഇതാ അമ്മ വരുന്നു. അടുത്തെത്തിപ്പോയി." ബൈനോക്കുലറും താങ്ങി സുമുഖനും പിന്നാലെ ദുർമുഖനും തങ്ങളുടെ താവളമായ മരക്കൊമ്പിനടുത്തേക്കോടി.

# തിരിച്ചറിവ്...





**രാജേഷ് എസ് വള്ളിക്കോട്**

ചിത്രീകരണം: രാജീവ് എൻ ടി

“വർഷം രണ്ട് കഴിഞ്ഞു; നമ്മുടെ സ്കൂളിൽ മാത്രം ഇനിയും ജൈവവൈവിധ്യ ഉദ്യാനമായിട്ടില്ല.” ഹെഡ്മിസ്ട്രസിന്റെ വാക്കുകളിൽ നിരാശയും കുറ്റപ്പെടുത്തലും നിറഞ്ഞുനിന്നിരുന്നു. പതിവു പോലെ പി.ടി.എ. കമ്മറ്റിയംഗങ്ങൾ മൗനംപാലിച്ചു. സജിത് മാഷ് എണീറ്റ് ജൈവവൈവിധ്യ ഉദ്യാനത്തെക്കുറിച്ച് പരിശീലനത്തിൽ പഠിച്ച കാര്യങ്ങൾ നന്നായി പ്രസംഗിച്ചു.

“മരവും ചെടികളും നടണം. നിലവിലുള്ളവ സംരക്ഷിക്കണം, അത്ര തന്നെ. ഇവിടെയാണെങ്കിൽ അതിനുള്ള സ്ഥലവും ഉണ്ട്.” ആശട്ടീച്ചർ മാഷ് പറഞ്ഞതിനെ അങ്ങനെ ചുരുക്കി.

“കുടുംബശ്രീക്കാരായ ഞങ്ങൾ വന്ന് കുറച്ച് ചെടികളും മറ്റും നടാം.” കുടുംബശ്രീ കൺവീനർ കൂടിയായ പി.ടി.എ.പ്രസിഡന്റ് ശബ്ദംതാഴ്ത്തി പറഞ്ഞു. “തൊഴിലുറപ്പില്ലാത്ത ദിവസമേ വരാൻ കഴിയൂ.” മറ്റൊരു രക്ഷിതാവ് കൂട്ടിച്ചേർത്തു.


ചർച്ച നീണ്ടു. രക്ഷിതാക്കളെ കാത്തുനിന്ന കുട്ടികൾ വരാന്തവിട്ടു. അന്നവർ ഒരു പുതിയ കളി കളിച്ചു. മുറ്റത്തെ മാവിൻചുവട്ടിൽ വളർന്നുനിന്ന തൈകൾ സ്കൂളിന്റെ ഒഴിഞ്ഞ ഭാഗങ്ങളിൽ നട്ട് നനയ്ക്കുന്ന കളി!




**കത്തുകൾ അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002
Telegram : 9495981919

# ഞങ്ങൾ വാക്കു കൊടുത്തു

യുറീക്കയിൽ നിന്നും എനിക്ക് ഒരുപാട് അറിവുകൾ ലഭിച്ചു. ഭക്ഷണം പാഴാക്കരുത് എന്നും, നാം എന്നും കഴിക്കുന്ന ചില ഭക്ഷണങ്ങളിൽ പ്രോട്ടീൻ അടങ്ങിയിരിക്കുന്നു എന്നും മനസ്സിലായി. പ്രോട്ടീൻ കുറച്ചല്ല ആവശ്യത്തിലേറെ. പിന്നെ കർഷകർ അനുഭവിക്കുന്ന വേദനകളും യുറീക്കാമാമനിൽ നിന്നും ഞങ്ങൾക്ക് മനസ്സിലായി. പാലിൽ ഒരുപാട് പ്രോട്ടീൻ അടങ്ങിയിരിക്കുന്നുണ്ട് എന്ന് ഞങ്ങളുടെ ക്ലാസിലെ കുട്ടികൾക്ക് അറിയുമായിരുന്നില്ല. അപ്പോഴാണ് ഞങ്ങളുടെ ഹെഡ്മാസ്റ്റർ വന്നത്. അദ്ദേഹം പറഞ്ഞു, നിങ്ങൾ എല്ലാവരും പാല് കുടിക്കണം എന്ന്. അപ്പോൾ ക്ലാസിലെ പാല് കുടിക്കാത്ത കുട്ടികൾ പാലു കുടിക്കും എന്ന് ഹെഡ്മാസ്റ്ററിനു വാക്കു കൊടുത്തു. അതിനാൽ ഞങ്ങളുടെ സ്കൂളിൽ ബാക്കി പാല് വരാറില്ല.



**ഗായത്രി എൻ,** 7 ബി, ജി.യു.പി.എസ്, പൈങ്കന്നൂർ, പാലക്കാട്.

# അമ്മൂമ്മ ചെയ്ത പണി

യുറീക്കയിൽ ഞാനെഴുതിയ കവിത അച്ചടിച്ചു വന്നു. വളരെ സന്തോഷം. എന്റെ പേരിൽ സ്കൂളിൽ വരുന്ന യുറീക്ക, ടീച്ചർ ക്ലാസ്സിൽ കൊണ്ടുവന്നു തന്നു. പൊട്ടിച്ചു നോക്കിയപ്പോൾ പ്രത്യേകിച്ച് ഒന്നും കണ്ടില്ല. കാരണം ഞാൻ അറിയാതെ അമ്മൂമ്മയാണ് കവിത പോസ്റ്റ് ചെയ്തത്. അമ്മൂമ്മയാണ് സ്കൂളിൽ വിളിച്ചു പറഞ്ഞതും. പിന്നെ ഞാൻ എല്ലാ കുട്ടികളെയും കാണിച്ചു. എല്ലാപേരും മിടുക്കി എന്ന് പറഞ്ഞു. ഹെഡ്മാസ്റ്ററും അഭിനന്ദിച്ചു. എനിക്ക് വളരെ സന്തോഷം തോന്നി. നന്ദി യുറീക്ക.

**നിരഞ്ജന ദേവി,** 3എ, കുന്നുവാരം യു പി എസ്, ആറ്റിങ്ങൽ.

e-mail: priyappettaeureke@gmail.com



## ജീവചരിത്രങ്ങൾ വേണം

ലോകത്തിലെ പ്രശസ്ത കഥാകൃത്തുക്കളുടെയും കവികളുടെയും ജീവചരിത്രങ്ങൾ ചിലത് യുറീക്കയിൽ പ്രസിദ്ധീകരിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. അഞ്ചോ പത്തോ പേർ മാത്രം മതി. 'ഞാറ്റടി', കാഴ്ചപ്പുറത്തിലുള്ള 'പ്രതിഭ' തുടങ്ങിയവ എനിക്കിഷ്ടമാണ്. വായനാദിന യുറീക്കയിൽ വന്ന എവറസ്റ്റ് സ്റ്റാമ്പുകളും എനിക്കിഷ്ടമായി.

**അഭിനവ് കൃഷ്ണ പി,** 5 ഡി, എസ്.എൻ.വി.യു.പി.തളിക്കുളം.

# കാട്ടുതീയണയ്ക്കു ജീവൻ നിലനിർത്തു..

രാവിലെ അസംബ്ലിയിൽ വാർത്ത വായിച്ചപ്പോഴാണ് ആമസോൺ മഴക്കാടുകളിൽ കാട്ടുതീ പടർന്നുപിടിച്ച വാർത്ത ഞങ്ങളിൽ പലരും അറിയുന്നത്. ശ്രീലതട്ടീച്ചറുടെ വിശദീകരണം കൂടി കേട്ടപ്പോഴാണ് അത് എത്ര മാത്രം കുഴപ്പം പിടിച്ച കാര്യമാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞത്. പ്രകൃതി ക്ലബ് അന്നു വൈകീട്ട് 3 മണിക്ക് തന്നെ ഒരു റാലി സംഘടിപ്പിക്കാൻ തീരുമാനിച്ചു. പിന്നീട് ചേട്ടന്മാരും ചേച്ചിമാരുമെല്ലാം കൂടി കുറേ പ്ലക്കാർഡുകൾ ഉണ്ടാക്കുന്ന തിരക്കിലായിരുന്നു. പ്ലക്കാർഡുകൾ എന്തൊക്കെയായിരുന്നെന്നോ?, "കാടില്ലെങ്കിൽ മനുഷ്യനില്ല", "കാട്ടുതീ പ്രകൃതി ദുരന്തമല്ല","Save Forest, Save Earth", "മരം ഒരു വരം", "കാട്ടുതീയണയ്ക്കു ജീവൻ നിലനിർത്തു " എന്നിങ്ങനെ ഒരു പാട്ടുണ്ടായിരുന്നു.



റാലി തുടങ്ങിയപ്പോൾ മഴയും ഞങ്ങൾക്ക് വേണ്ടി മാറി നിന്നു. വഴിയരികിലുള്ള വീടുകളിൽ നിന്നും കുട്ടികളും മുതിർന്നവരും അമ്മൂമ്മമാരും ഇറങ്ങിവന്ന് നോക്കിനിൽക്കുന്നത് ഞങ്ങൾക്ക് നല്ല രസം തോന്നി. ഓട്ടോക്കാരൻ രാജീവ് മാമൻ ഞങ്ങളുടെ വീഡിയൊ പിടിച്ച് ഫേസ്ബുക്കിലിട്ടു.

വായനശാലയിൽ ഞങ്ങൾ ഒത്തുകൂടി പ്രതിഷേധ സമ്മേളനവും നടത്തി. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ എറണാകുളം ജില്ലാ വൈസ് പ്രസിഡന്റായ സുകുമാരൻ മാഷ് ഞങ്ങളോട് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സംഘർഷങ്ങളുടെ കഥ പറഞ്ഞു തന്നു. മനുഷ്യർക്ക് സുഖിക്കാൻ വേണ്ടി നിയന്ത്രണമില്ലാതെയും ശാസ്ത്രീയമല്ലാതെയും പ്രകൃതിയെ ഉപയോഗിക്കുന്നതിലെ കുഴപ്പങ്ങൾ പറഞ്ഞ് തന്നു.

**ശ്രാവൺ ദേവ് & പാർവ്വൺ ദേവ്,** രണ്ടാം തരം, ജി എൽ പി എസ്, വാവക്കാട്, മൂത്തകുന്നം പി ഒ, നോർത്ത് പറവൂർ, എറണാകുളം.

# മണിമുത്തുകൾ

ആശയം, ചിത്രീകരണം:
കെ.സതീഷ്








Volume 41 No. 9 Eureka 2019 October 1, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.

www.ksfe.com

അഭിമാനത്തിന്റെ 50 വർഷങ്ങൾ

KSFE
സുവർണ്ണ ജൂബിലി ചിട്ടികൾ 2019

ചിട്ടിയിൽ ചേരൂ....
സമ്മാനങ്ങളുമായി
മടങ്ങൂ...



ബംബർ സമ്മാനം*
50 പവൻ സ്വർണ്ണം (ഒരാൾക്ക്)
അഥവാ പരമാവധി 12 ലക്ഷം രൂപ

2-ാം സമ്മാനം*
ആകെ 250 പവൻ സ്വർണ്ണം 50 പേർക്ക്

3-ാം സമ്മാനം*
ചിട്ടിയിൽ ചേരുന്ന എല്ലാ ഇടപാടുകാർക്കും
കെ എസ് എഫ് ഇ യുടെ പ്രത്യേക സുവർണ്ണ
ജൂബിലി ഉപഹാരം

*നിബന്ധനകൾക്ക് വിധേയം

## കെ.എസ്.എഫ്.ഇ സുവർണ്ണ ജൂബിലി 2019 ചിട്ടിയിൽ ചേരുന്ന വിശ്വസ്ത വരിക്കാർക്ക് ഞങ്ങൾ നല്കുന്ന ആനുകൂല്യങ്ങൾ*

1. ചിട്ടിതവണകൾ മുടക്കം വരുത്താതെ കാലാവധി തീരും വരെ കൃത്യമായി അടക്കുന്നവർക്ക്, പ്രോത്സാഹനമായി ചിട്ടി തീരുമ്പോൾ അവസാന തവണസംഖ്യയ്ക്ക് സമാനമായ തുക, പുതിയ ചിട്ടി ചേരുന്നതിലേക്കായി ലഭിക്കുന്നു (പരമാവധി 25000 രൂപ വരെ)
2. കൃത്യമായി ചിട്ടിയടവ് നടത്തികൊണ്ടിരിക്കെ ചിട്ടിവിളിച്ച ചിറ്റാളൻമാർ ദൗർഭാഗ്യവശാൽ മരണപ്പെട്ടാൽ പരമാവധി 10 ലക്ഷം രൂപ വരെയുള്ള ബാധ്യത എഴുതിതള്ളുന്നു.
3. 2019 ജൂൺ 15നും 2020 മാർച്ച് 31നും ഇടയിൽ കാലാവധി അവസാനിക്കുന്ന ചിട്ടികളിൽ, എല്ലാ തവണകളിലും മുടക്കം വരുത്താതെ പണമടച്ചിട്ടുള്ള വരിക്കാർക്ക് ചിട്ടി തീരുന്ന മുറയ്ക്ക്, അവസാന തവണ സംഖ്യയ്ക്ക് സമാനമായ തുക, പുതിയ ചിട്ടി ചേരുന്നതിലേക്കായി ലഭിക്കുന്നു (പരമാവധി 25000 രൂപ വരെ)
4. ചിട്ടി കിട്ടാത്തവർക്ക് ചിട്ടിവായ്പയ്ക്ക് സൗകര്യം

എന്നെന്നും ഇടപാടുകാർക്കൊപ്പം...

G.O.(Rt) No.428/2019/TAXES dt 18/06/2019

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
രജി. ഓഫീസ്: ‘ഭദ്രത’, മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Fax: 0487-2336232, email: mail@ksfe.com

grafcreative.in

Date of Publication : 25/9/2019 **EUREKA** Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78







Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES

SANDALS & BACKPACKS